# മലയാളം
## ടീച്ചർ ടെക്സ്റ്റ്

### സ്റ്റാൻഡേർഡ് VII


കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

# 1 കതിർചൂടും നാടിൻപെരുമകൾ

## ആമുഖം

നാടിന്റെ സംസ്കാരമാണ് കൃഷി. കൃഷിയാണ് നാടോടിയായ മനുഷ്യനെ ഏകോപിപ്പിച്ചത്.

"പച്ചപ്പുതുപ്പട്ടുകളഗ്രസീമ്നി
ചുഴന്നെഴും തെങ്ങുകൾ ഭംഗിയോടെ
നിൽപ്പുണ്ടിതിൻ വക്കിനു കേരളശ്രീമാതിന്റെ
പീലിക്കുടകൾക്കു തുല്യം"

(തിരൂർ പൊന്നാനി പുഴ- വള്ളത്തോൾ)

വിളഞ്ഞു കിടക്കുന്ന നെൽപ്പാടങ്ങളും നിരന്നു നിൽക്കുന്ന തെങ്ങിൻ തോപ്പുകളും മറ്റു കൃഷികളും കേരളക്കരയെ ഹരിതാഭമാക്കുന്നു. നമുക്കു സ്വന്തമായി ഒട്ടനവധി കൃഷിയറിവുകളുണ്ടായിരുന്നു. കാർഷികവൃത്തിയിലൂടെ സമൃദ്ധമായ നാടുകളെയും കൃഷി സമ്പ്രദായത്തെയും കുറിച്ച് പ്രതിപാദിക്കുന്ന 'കൃഷി ഗീത' മറഞ്ഞു പോയ വിത്തുകളെയും അന്യം നിന്നുകൊണ്ടിരിക്കുന്ന പാടങ്ങളെയും ഓർമ്മിപ്പിക്കുന്നു. സമ്പന്നമായ കൃഷി സംസ്കാരത്തിന്റെ തുടർച്ചയായി അധ്വാനശീലരായ ജനതയും അനുയോജ്യമായ കാലാവസ്ഥയും നമ്മുടെ ഹരിതാഭയ്ക്ക് മങ്ങലേൽക്കാതെ നിലനിർത്തിക്കൊണ്ടുവരുന്നു.

"വിത്തൊരിത്തിരി വയ്ക്കുന്നു വീണ്ടും
പത്തിരട്ടിയായ് പൊൻവിളയിപ്പാൻ "
(കന്നിക്കൊയ്ത്ത്- വൈലോപ്പിള്ളി )

ഈ ഒരു കരുതലിലൂടെയാണ് കൃഷി ഒരു വികാരമായി മാറിയത്...

സമാധിയിലായിരിക്കുന്ന വിത്ത് മണ്ണറിയുന്ന കർഷകന്റെ പരിചരണത്താൽ, മഴത്തുള്ളിയുടെ മൃദുല സ്പർശത്താൽ ഉണരുന്നു. ചെടിയായി ... കതിരായി ... കൊയ്ത്തു കഴിഞ്ഞ് അടുത്ത ഉൽപാദനത്തിനുള്ള വിത്തായി മാറുന്നു. ഉൽപ്പാദനപ്രക്രിയയുമായി ബന്ധപ്പെട്ടതാണ് കലയും സാഹിത്യവുമൊക്കെ. ഉർവരതയുടെ സങ്കീർത്തനങ്ങളാണ് കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും. കൊയ്ത്തൊഴിഞ്ഞ കൃഷിയിടങ്ങളായിരുന്നു നാട്ടുത്സവങ്ങളുടെ വേദികൾ. വിത്തിട്ട് നെന്മണിയായി മാറുന്നതുവരെ കർമ്മനിരതരായ കൃഷിക്കാർക്ക് വിശ്രമത്തിന്റെയും ആഘോഷത്തിന്റെയും ഇടവേളകളായിരുന്നു നാട്ടുത്സവങ്ങൾ. അടുത്ത വിത്തിടൽ മുതൽ തുടങ്ങുന്ന അധ്വാനത്തിനുള്ള ഊർജം കൂടി ഇത്തരത്തിലുള്ള ഉത്സവങ്ങളിൽ നിന്നും ലഭിച്ചിരുന്നു. കൊയ്ത്തുത്സവങ്ങൾ അന്യംനിന്നു കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. നാട്ടുത്സവങ്ങളാകട്ടെ സാംസ്കാരികമായ പല മാറ്റങ്ങൾക്കും വിധേയമായി മാറിക്കൊണ്ടിരിക്കുന്നു. ജനസംഖ്യാവർധനവും ലാഭേച്ഛയും കൃഷിയിടങ്ങളെ ഇല്ലാതാക്കുന്നു. കാലാനുസൃതമായ ഇത്തരം മാറ്റങ്ങൾക്കിടയിലും കൃഷിയിലുള്ള പ്രതീക്ഷ നമ്മൾ കൈ വെടിയുന്നില്ല.

കേരളക്കരയിലെ ഗ്രാമഭംഗിയും ഗ്രാമസൗഭാഗ്യവും നിറഞ്ഞു നിൽക്കുന്ന കവിതയാണ് കടത്തനാട്ട് മാധവി അമ്മയുടെ **'ഗ്രാമശ്രീകൾ'.** കർഷകസ്ത്രീകളാകുന്ന ഗ്രാമശ്രീകളുടെ കൈകൾ ചെളിയിൽ പണി യുന്നതും ഞാറുനടുന്നതും കാവ്യാത്മകമായി, ഒഴുക്കോടെ പ്രതിപാദിക്കുന്ന ഈ കവിത കൃഷിയുടെ മഹത്വം ഉയർത്തിക്കാണിക്കുന്നതോടൊപ്പം കൃഷി ഒരു കലാസൃഷ്ടിയാണെന്ന സന്ദേശവും നൽകുന്നു.

കൃഷി ഉടലെടുത്ത കാലം മുതൽ കാർഷികസമൃദ്ധി ഉണ്ടാകുവാനും ഇടവേളകളെ ആഹ്ലാദകരമാ ക്കാനും കൊയ്ത്തൊഴിഞ്ഞ കൃഷിയിടങ്ങളും നാട്ടിടവഴികളും ഉപയോഗപ്പെടുത്തിയിരുന്നു. നൈസർഗി കമായ ഇത്തരം കലാരൂപങ്ങൾ അവിടുത്തെ സംസ്കാരം രൂപപ്പെടുത്തുന്നതിന് കാരണവുമായിട്ടുണ്ട്. ഇന്ന് ഇതിനെല്ലാം അല്പം മങ്ങലേറ്റിട്ടുണ്ടെങ്കിലും അല്പവ്യത്യാസങ്ങളോടെ നിലനിന്നു പോരുന്നു എന്നു ള്ളത് ആശ്വാസകരം തന്നെ. അത്തരത്തിലുള്ള ഒരു കാർഷികോത്സവമായ കുമ്മാട്ടി എന്ന കലാരൂപ ത്തെ പരിചയപ്പെടുത്തുന്ന പാഠഭാഗമാണ് **കുമ്മാട്ടി.**

ഏതു കാലാവസ്ഥയെയും രോഗബാധയേയും ചെറുക്കാൻ തക്ക ശേഷിയുള്ള നെൽവിത്തിനങ്ങളുടെ വിപുലമായ ശേഖരം നമ്മുടെ കേരളത്തിലുണ്ടായിരുന്നു. കൃഷി എന്ന വ്യവസ്ഥ ഇല്ലാതാക്കിക്കൊ ണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നാടൻ നെൽവിത്തുകളുടെ കാവലാളായ ചെറുവയൽ രാമനുള്ള പ്രസക്തി ഏറെയാണ്. ചെറുവയൽ രാമന്റെ ആത്മകഥയിലെ വിത്തെന്ന മഹാദ്ഭുതം എന്ന ഭാഗമാണ് മൂന്നാമത്തെ പാഠഭാഗം. ഈ മൂന്നു പാഠഭാഗവും കൂടാതെ വിഷ്ണുനാരായണൻ നമ്പൂതിരി സമ്പാദനം നടത്തിയ കോതാമ്മൂരിയാട്ടപ്പാട്ടിലെ വിത്തു പൊലിപ്പാട്ട് എന്ന ഉപപാഠവും ഉൾപ്പെട്ടതാണ് ഒന്നാമ ത്തെ യൂണിറ്റ്.

## പഠനലക്ഷ്യങ്ങൾ

- സർഗാത്മകരചനകൾ വിശകലനം ചെയ്ത് അവയിലെ ആശയം, ആസ്വാദനാംശങ്ങൾ, രചനാശൈലി തുടങ്ങിവ കണ്ടെത്തി ചൊൽക്കാഴ്ച, പഴഞ്ചൊൽക്കേളി ആസ്വാദനക്കുറിപ്പ്, ഡോക്യുമെന്ററി എന്നീ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കുക.
- പത്രമാധ്യമങ്ങൾ, ആനുകാലികങ്ങൾ, നവമാധ്യമങ്ങൾ തുടങ്ങിയവയിൽ വരുന്ന കാർട്ടൂണു കൾ/ ട്രോളുകൾ, വാർത്തകൾ തുടങ്ങിയവ വിശകലനം ചെയ്ത് ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കുക.
- സ്വന്തം രചനകളും സഹപാഠികളുടെ രചനകളും ആശയതലം, വാക്യഘടനാതലം, പദതലം, അക്ഷരം, ചിഹ്നനം, വ്യവഹാരരൂപതലം, ഇടവിടൽ എന്നിവ പാലിച്ച് എഡിറ്റ് ചെയ്ത് മെച്ചപ്പെ ടുത്തി സർഗാത്മക രചനകൾ, ഡിജിറ്റൽ മാഗസിൻ എന്നിവ തയ്യാറാക്കുക.
- സർഗ്ഗാത്മകശേഷി വികസനത്തിനായി ഭാഷാ ശില്പശാലകൾ സംഘടിപ്പിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ പ്രകടനത്തിന് അവസരമൊരുക്കുക.

# യൂണിറ്റ് വിശകലനം

ക്ലാസ് : 7 (BT) അടിസ്ഥാനപാഠാവലി സമയം : 18 മണിക്കൂർ പീരിയഡ് : 12 യൂണിറ്റ് : 1

| ആശയം/ തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠനലക്ഷ്യങ്ങൾ | | | ഭാഷാ വസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയ ധാരണകൾ | ശേഷികൾ/ നൈപുണികൾ | മൂല്യം/ മനോഭാവം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| കൃഷി | • ആഘോഷങ്ങൾ, നാട്ടറിവുകൾ തുടങ്ങിയവ കാർഷിക സംസ്കാരത്തിന്റെ ഈടുവെപ്പുകളാണ്.<br>• ജനതയ്ക്കിടയിൽ മൈത്രി, സഹവർത്തിത്വം തുടങ്ങിയവ നിലനിർത്താൻ ആഘോഷങ്ങൾ, നാട്ടറിവുകൾ എന്നിവയ്ക്ക് സാധിക്കും.<br>• പഴഞ്ചൊല്ലുകൾ, ശൈലികൾ തുടങ്ങിയ ഭാഷാരൂപങ്ങളിലൂടെ | • കവിത<br>• ലേഖനം (നാടോടി വിജ്ഞാനീയം)<br>• ആത്മകഥ<br>• നാടൻപാട്ട് | • ആഘോഷങ്ങൾ, നാട്ടറിവുകൾ എന്നിവ കാർഷിക സംസ്കാരത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുന്നു.<br>• അവയ്ക്ക് അതത് പ്രദേശത്തെ ജനതയുടെ ജീവിതവും സംസ്കാരവുമായി ബന്ധമുണ്ട്<br>• ഓരോ ജനതയ്ക്കും കൃഷി, വിനോദം, ആഘോഷം മുതലായവയുമായി ബന്ധപ്പെട്ട കലാരൂപ | • പരിചയപ്പെടുന്ന സാഹിത്യരൂപങ്ങളിലെ വാക്യഘടനയും സവിശേഷ പ്രയോഗങ്ങളും പദച്ചേരുവകളും തിരിച്ചറിയാനും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാനും സാധിക്കുന്നു.<br>• ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആഘോഷം, നാട്ടറിവുകൾ എന്നിവ മറ്റുള്ളവർക്കും അനുഭവവേദ്യമാകുന്ന രീതിയിൽ അവതരിപ്പിക്കുക. (ഡോക്യുമെന്ററി / വീഡിയോ)<br>• പഴഞ്ചൊല്ലുകളെ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുന്നു.<br>• കവിതകളെയും നാടൻപാട്ടുകളെയും ചൊൽക്കാഴ്ചകളാക്കി അവതരിപ്പിക്കുന്നു.<br>• രചനകളിലെ ആശയങ്ങളെ വിശകലന വിധേയമാക്കി പ്രതികരണക്കുറിപ്പ് തയ്യാറാക്കുന്നതിന്.<br>• സമാനരചനകൾ വായിച്ചും വിശകലനം ചെയ്തും ആശയം, രചനാരീതി, പ്രയോഗഭംഗി എന്നിവ പരിഗണിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.<br>• കാർഷികമേഖലയിൽ കൈവരിച്ച മികവുകളും നിലനിൽക്കുന്ന പ്രശ്നങ്ങളും കാർഷികപാരമ്പര്യവും വിശകലനം ചെയ്ത് പ്രസംഗം തയ്യാറാക്കുന്നു.<br>• പ്രസംഗശൈലി, അംഗവിക്ഷേപങ്ങൾ, ശബ്ദക്രമീകരണം എന്നിവ ഉൾക്കൊണ്ട് പ്രസംഗം അവതരിപ്പിക്കുന്നു. | • സംസ്കാരത്തിന്റെ ഈടുവയ്പ്പുകളെ വിമർശനാത്മകമായി വിശകലനം ചെയ്യാനും ഉചിതമായവ സംരക്ഷിക്കാനുമുള്ള മനോഭാവം<br>• കാർഷിക സംസ്കൃതി പിന്തുടരുവാനുള്ള മനോഭാവം/ അതിലൂടെ വികസിക്കുന്ന മൂല്യബോധം | • പദഘടന<br>• വാക്യഘടന<br>• പ്രയോഗഭംഗി<br>• പിരിച്ചെഴുതൽ<br>• ചേർത്തെഴുതൽ<br>• എഡിറ്റിങ് | • ആസ്വാദനക്കുറിപ്പ്<br>• ചൊൽക്കാഴ്ച<br>• കവിതാപൂരണം<br>• ചിത്രരചന<br>• പ്രസംഗം<br>• പ്രതികരണക്കുറിപ്പ്<br>• പഴഞ്ചൊൽ വിശകലനം<br>• താരതമ്യക്കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• വിവരണക്കുറിപ്പ്<br>• നോട്ടീസ്, പോസ്റ്റർ, അഭിമുഖം,<br>• ഡോക്യുമെന്ററി | • രചനകളിലെ ആശയവ്യക്തത, ആശയസമഗ്രത, വാക്യഘടന, പദം, അക്ഷരം, ചിഹ്നം, വ്യവഹാരരൂപം എന്നിവയിലെ മികവ്<br>• റോൾപ്ലേ, ചൊൽക്കാഴ്ച, പ്രസംഗമത്സരം, ദൃക്സാക്ഷി വിവരണം തുടങ്ങിയവയിലെ പങ്കാളിത്തവും അവതരണമികവും<br>• കാവ്യാലാപനം - ആശയത്തിന് അനുയോജ്യമായ ഭാവത്തിലും താളത്തിലും ഈണത്തിലും ഉള്ള അവതരണം.<br>• ഡിജിറ്റൽ മാഗസിൻ - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നാട്ടറിവുകൾ കൈമാറ്റം ചെയ്യുന്നുണ്ട്. | | ങ്ങളും അവരുടേതായ പഴഞ്ചൊല്ലുകളുണ്ട്. <br> • നാട്ടറിവുകൾ നിലനിർത്തേണ്ടതുണ്ട്. | • വിദഗ്ധരുടെ പ്രസംഗങ്ങൾ കേട്ടും ഗ്രഹിച്ചും അവയുടെ അടിസ്ഥാനത്തിൽ സ്വന്തം പ്രകടനങ്ങൾ മെച്ചപ്പെടുത്തുന്നു. <br> • പൊതുപരിപാടികളുടെ പ്രചാരണത്തിന് അനുയോജ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതും ആകർഷകമായ ലേ-ഔട്ട് സാധ്യതകൾ പ്രയോജനപ്പെടുത്തി നോട്ടീസ്, പോസ്റ്റർ എന്നിവ തയ്യാറാക്കുന്നു. <br> • നിർദ്ദിഷ്ടവിഷയത്തെ സംബന്ധിച്ച് പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ഉചിതമായി ക്രമപ്പെടുത്തുന്നതിനും സഹായകമായ പ്രസക്തവും വ്യക്തവും ഋജുവുമായ ചോദ്യങ്ങൾ തയ്യാറാക്കുന്നു. അഭിമുഖം നടത്തുന്നു. <br> • രചനകൾ ഭാഷാപരമായി ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നനം, വ്യവഹാരരൂപം എന്നീ തലങ്ങളിൽ സ്വന്തമായും സംഘമായും ടീച്ചറുടെ സഹായത്തോടെയും എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുന്നു. <br> • ചിത്രങ്ങൾ, വാർത്തകൾ, ഫീച്ചറുകൾ മുതലായവ വിശകലനം ചെയ്ത് ചർച്ചകളിൽ പങ്കെടുക്കുന്നു. അഭിപ്രായം വ്യക്തമാക്കാനുള്ള അവസരമൊരുക്കുന്നു. <br> • സാമൂഹികപ്രസക്തിയുള്ള വിഷയങ്ങൾ വായിച്ചും വിശകലനം ചെയ്തും ആശയസമഗ്രത, വസ്തുനിഷ്ഠത എന്നിവ പാലിച്ച് വിവരണം തയ്യാറാക്കുന്നു. <br> • കഥ / കവിത എന്നിവ വായിച്ച് ആസ്വദിക്കുകയും ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ആസ്വാദനാംശങ്ങൾ, സ്വാഭിപ്രായം എന്നിവ ഉൾക്കൊള്ളിച്ച് ആസ്വാദനക്കുറിപ്പ് എഴുതുന്നു. | | | | സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട് മാഗസിനിന്റെ ആകർഷകത്വം. <br> • കവിത/കഥ/ ചിത്രപതിപ്പുകൾ - എല്ലാവരുടെയും പങ്കാളിത്തം, രചനയിലെ വൈവിധ്യവും കൃത്യതയും <br> • പഴഞ്ചൊൽ കേളി - ഉചിതമായ പഴഞ്ചൊല്ലുകളുടെ അവതരണ മികവ് (കാലത്തിന് യോജിക്കാത്തവയുടെ ഒഴിവാക്കൽ) |

## ശീർഷക വിശകലനം

വിളഞ്ഞു നിൽക്കുന്ന നെൽവയലിന്റെ ചിത്രം / സ്ലൈഡ് - പ്രദർശിപ്പിക്കുന്നു.

കുട്ടികളോട് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- കതിർ എന്നതിന് എന്തെല്ലാം അർഥതലങ്ങളുണ്ട്.
- കതിർ ചൂടി നിൽക്കുന്ന ഇത്തരം നെൽവയലുകളുടെ ദൃശ്യങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടോ? എവിടെ വച്ച്?
- ഇതൊക്കെ ആരാണ് നട്ടുനനച്ചുണ്ടാക്കുന്നത്?
- നാട് നാടാകുന്നത് എപ്പോഴാണ്?
- കതിർചൂടി നിൽക്കുന്ന നമ്മുടെ നാടിന്റെ പെരുമകളെ നിലനിർത്തേണ്ടതും തലമുറകൾക്ക് കൈമാറേണ്ടതും ആരുടെ ഉത്തരവാദിത്തമാണ്?

### അർജുൻ അശോക്

മുട്ടാർ, മിത്രക്കരി സ്വദേശി. പച്ചക്കറി കൃഷിക്കൊപ്പം പൂക്കൾ, ആട്, കോഴി, മുയൽ തുടങ്ങിയ വയുമുണ്ട്. 2018 ലെ വെള്ളപ്പൊക്കത്തിൽ കൃഷി നശിക്കുമെന്ന ഘട്ടം വന്നപ്പോൾ പടങ്ങു കെട്ടി അതിനു മുകളിൽ ഗ്രോ ബാഗ് വച്ച് അതിലായി കൃഷി, ജൈവകൃഷിയുടെ പ്രചരണത്തിനായി സ്വന്തമായി യു ട്യൂബ് ചാനൽ നടത്തുന്നുണ്ട്.

ചർച്ച ക്രോഡീകരിക്കുന്നു.

> നടുന്നതാണ് നാട്. കാട് നാടാവുന്നത് നടുമ്പോഴാണ്. ഹരിതസമൃദ്ധമായ നമ്മുടെ കേരളത്തിൽ നാടിൻ പെരുമകളാൽ കതിർ ചൂടുവാൻ നമുക്ക് കഴിയണം. നാടിന്റെ കതിരാണ് - പ്രകാശമാണ് കൃഷി. സൂര്യരശ്മി ചിതറിത്തെറിക്കുന്നതു പോലെ പ്രകാശം പരത്തി, തലയാട്ടി നിൽക്കുന്ന നെൽക്കതിർ നാടിന്റെ പെരുമയാണ്.

കതിർ ചൂടി നിൽക്കുന്ന നമ്മുടെ നാടിന്റെ പെരുമകൾ...........

## പ്രവേശക പ്രവർത്തനം

താഴെ കൊടുത്ത ചോദ്യങ്ങളിലൂടെ ചോദ്യങ്ങളിലൂടെ പ്രവേശക പ്രവർത്തനം വിശലകനം ചെയ്യുന്നു.

- **നിങ്ങളും വീട്ടിൽ കൃഷി ചെയ്യാറുണ്ടോ? ആരാണ് സഹായിക്കാറുള്ളത്?**
- **ക്ലാസിലും ഇതുപോലെ മിടുക്കരായ കുട്ടിക്കർഷകർ ഉണ്ടാവുമല്ലോ? ആരൊക്കെ?**
- **എന്തെല്ലാം കൃഷിയാണ് ചെയ്യാനുള്ളത് ?**
- **നിങ്ങളുടെ നാട്ടിൽ കൃഷിയിടങ്ങളും കൃഷിക്കാരുമുണ്ടോ?**
- **കൃഷി ചെയ്യുന്നതിലൂടെ നമുക്ക് ലഭിക്കുന്ന ഗുണങ്ങൾ / ദോഷങ്ങൾ എന്തെല്ലാം?**
- **പ്രവേശകത്തിൽ നൽകിയിരിക്കുന്ന സാക്ഷ്യപത്രങ്ങൾ നമുക്കു നൽകുന്ന പ്രചോദനങ്ങൾ എന്തെല്ലാമാണ്?**

### എയ്സൽ കൊച്ചുമോൻ

അടിച്ചിലി പീച്ചാംപിളളിക്കുണ്ട് സ്വദേശിനി. ലോക് ഡൗൺ സമയത്താണ് വിഷരഹിത പച്ചക്കറിക്കൃഷി ആരംഭിച്ചത്. ജൈവ കീടനാശിനി, ജൈവ കൃഷി രീതികൾ എന്നിവ വിശദമായി പഠിച്ചതിനു ശേഷമാണ് എയ്സൽ വീട്ടിൽ കൃഷി ആരംഭിച്ചത്. സ്വന്തമായി യു ട്യൂബ് ചാനൽ തുടങ്ങുകയും അതിലൂടെ പച്ചക്കറി, കൃഷിയിനങ്ങളുടെ പരിചരണം, വിളവെടുപ്പ് എന്നിവ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു.

## ക്രോഡീകരണം

പുതുതലമുറയ്ക്ക് കൃഷിയെ സുപരിചിതമാക്കുക, കുട്ടികളിൽ കൃഷിയിൽ ആഭിമുഖ്യമുണ്ടാക്കുക, വിദ്യാർഥികളിൽ ചെറുപ്രായത്തിൽ തന്നെ കാർഷിക സംസ്കാരം വളർത്തിയെടുക്കുക, മണ്ണിനെയും കാർഷികമേഖലയെയും കുറിച്ച് കുട്ടികളിൽ ധാരണയുണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനാണ് ഇത്തരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. അധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കിയ ഏതൊരു വ്യക്തിയും കൃഷിയെ സ്നേഹിക്കും.

## വിശദീകരിക്കാം

വയലുകളിൽ സംസ്കാരത്തിന്റെ വിത്തുകൾ മുളച്ചു.
വളർന്നു ; വിളഞ്ഞു
നമ്മളത് കൊയ്യുന്നു

പാഠഭാഗം സ്ലൈഡിൽ പ്രദർശിപ്പിക്കുന്നു.
ചില ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു.

- **സമൂഹം ഉണ്ടായതെങ്ങനെ?**
- **കൃഷി ഒരു സംസ്കാരമായി വളർന്നതെങ്ങനെ?**
- **കൃഷി ഒരു കലാസൃഷ്ടിയായി മാറുന്നതെങ്ങനെ?**

കവിതയിലേക്കു പോകാം.

### ഗ്രാമശ്രീകൾ

കേരളത്തിന്റെ ഗ്രാമതേജസ്സിൽ നിന്നും ഊർജം ഉൾക്കൊണ്ട്, പ്രകൃതിയും മനുഷ്യനും ഗ്രാമജീവിതവും സാധാരണക്കാരുടെ അനുഭവങ്ങളും ജീവിതപ്രശ്നങ്ങളും പ്രമേയമാക്കി കടത്തനാട് മാധവി അമ്മ രചിച്ച കൃതികളിൽ ഗ്രാമശ്രീകൾ എന്ന കവിതാസമാഹാരം ചർച്ച ചെയ്യപ്പെട്ടതാണ്. ഗ്രാമശ്രീകൾ, എന്റെ സ്വപ്നം ഗ്രാമലക്ഷ്മി, ആശംസ, ഭാരതാംബ, മാവേലിത്തമ്പുരാൻ, ഓമനയോട്, കവിത, താളം പിഴച്ച പാട്ട് എന്നിവയാണ് ഈ സമാഹാരത്തിലെ പ്രധാന കവിതകൾ.

ഗ്രാമസൗന്ദര്യത്തെക്കുറിച്ച് എത്ര പറഞ്ഞാലും കവിക്ക് മതിയാവില്ല. ഗ്രാമശ്രീകൾ എന്ന പ്രശസ്തമായ കവിതയിൽ കവി കൃഷിപ്പണി ചെയ്യുന്ന സ്ത്രീകളുടെ അധ്വാനത്തെ ആദരിക്കുന്നു. അവരെ ഗ്രാമശ്രീകളായി വാഴ്ത്തുന്നു. കർഷകത്തൊഴിലാകളായ ഇവരുടെ കൃഷി എന്ന കലാസൃഷ്ടിക്കു മുമ്പിൽ തൊഴുതുനിൽക്കുന്നു.

## പ്രവർത്തനവിശകലനം

**കവിത വായിച്ച് ആശയങ്ങൾ ചർച്ച ചെയ്യാം.**

കവിത വായിച്ച് പാഠപുസ്തകത്തിലെ ചോദ്യങ്ങളിലൂടെ രൂപപ്പെടുന്ന ആശയങ്ങൾ ചർച്ച ചെയ്യുന്നു.

- **വിശ്വവിദ്യാലയം എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത്?**
  - ☐ എന്താണ് വിശ്വവിദ്യാലയം?
  - ☐ വിശ്വവിദ്യാലയത്തിലെ പഠനം എങ്ങനെയുള്ളതാണ്?
- **പ്രഭാതത്തെ കവി വർണ്ണിക്കുന്നതെങ്ങനെ?**
  - ☐ ആരാണ് ഉണ്ണിക്കതിരോൻ?
  - ☐ ഉണ്ണിക്കതിരോന്റെ പൊൻനുകപ്പാടേറ്റ് വിണ്ണ് ചുവക്കുക എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
- **കർഷകസ്ത്രീകളെ ഗ്രാമശ്രീകളെന്ന് വിശേഷിപ്പിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?**
  - ☐ ഗ്രാമശ്രീകൾ എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?
  - ☐ കവിതയിൽ ഗ്രാമശ്രീകൾ എന്ന് കവി വിശേഷിപ്പിക്കുന്നത് ആരെയാണ്?
  - ☐ ആ വിശേഷണം കർഷകസ്ത്രീകൾക്ക് യോജിക്കുന്നത് എന്തുകൊണ്ട്?
- **സുന്ദരാലേഖ്യം നീ കേരളമേ എന്ന് കവി പറയുന്നതെന്തുകൊണ്ടാകാം?**
  - ☐ സുന്ദരാലേഖ്യം എന്നുപറഞ്ഞാൽ അർഥമാക്കുന്നത് എന്ത്?
  - ☐ കേരളം എങ്ങനെയാണ് സുന്ദരാലേഖ്യം ആകുന്നത്?

കവിതയുടെ ആശയം ചർച്ചകളിലൂടെ വികസിപ്പിക്കുന്നു. അധ്യാപകരുടെ ഉചിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇതൊരു സംഘപ്രവർത്തനമായി സ്കോർ കൊടുത്ത് ക്ലാസിൽ ചെയ്യണം.

### വിലയിരുത്തൽ സൂചകങ്ങൾ

- ചർച്ചയിലെ പങ്കാളിത്തം
- യുക്തിപൂർണ്ണമായ വാദമുഖങ്ങൾ
- ആശയവ്യക്തതയോടെയുള്ള അവതരണം
-

## വിശകലനം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

കൃഷി കലാസൃഷ്ടിയാകുന്നതെങ്ങനെ ?

താഴെ കൊടുത്ത ചോദ്യങ്ങൾ ഉന്നയിക്കുന്നു. ലഭിക്കുന്ന ഉത്തരങ്ങൾ പ്രദർശിപ്പിക്കുന്നു.

**? കലാസൃഷ്ടി എന്നു പറഞ്ഞാൽ എന്താണ്?**

- കൃഷി എങ്ങനെയാണ് കലാസൃഷ്ടി ആകുന്നത്? (കൃഷി കലാസൃഷ്ടിയാണെന്ന് തിരിച്ചറിയുന്ന വിത്തിടൽ, ഞാറുനടൽ, ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട് എന്നിവ ഉൾക്കൊള്ളുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.)
    - പലതരം കലകളുടെ സമ്മേളനം (കൃഷിപ്പാട്ട് വിളകൊയ്ത്ത്)
    - കലയുടെ പരിസമാപ്തി ആഹ്ളാദമാണ്. ഇത് കൃഷിയിൽ നിന്നും ലഭിക്കുന്നുണ്ട്.

വിശകലനക്കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു. ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നനം, വ്യവഹാരരൂപം എന്നീ തലങ്ങളിൽ ചെറുസംഘമായി എഡിറ്റിംഗ് നടത്തി മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തിയ വിശകലനക്കുറിപ്പിനെ വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തുന്നു.

- കൃഷി ഒരു മനോഹരകലാസൃഷ്ടി ആകുന്നതെങ്ങിനെ എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.
- നിരീക്ഷണവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.

വിലയിരുത്തലിലൂടെ മെച്ചപ്പെടുത്തിയ വിശകലനക്കുറിപ്പുകൾ പോർട്ട്ഫോളിയോയിലേക്ക്...

നിരന്തര മെച്ചപ്പെടുത്തലിലൂടെ രചന ഉദാത്തമാക്കുന്ന പ്രക്രിയയാണ് എഡിറ്റിങ്. അതിനാൽ രചന പല ഘട്ടങ്ങളിലായി വായിക്കുകയും അതിന്റെ അർഥവ്യാപ്തിയും സംക്ഷിപ്തതയും വിലയിരുത്തുകയും ഉചിതമായ മാറ്റങ്ങൾ വരുത്തുകയും വേണം. എഴുത്തുകാരൻ ഒരേസമയം വായനക്കാരനും വിമർശകനും ആകുമ്പോഴാണ് രചന മെച്ചപ്പെടുന്നത്

### ആശയപരമായ എഡിറ്റിങ്

ഇവിടെ നാം ചെയ്യുന്നത് രചനയുടെ ആശയവുമായി ബന്ധപ്പെട്ട് വന്നുപോയ പിഴവുകൾ പരിഹരിക്കുകയാണ്. ഒരു പ്രത്യേക ആശയത്തെക്കുറിച്ച് എഴുതുമ്പോൾ പോലും അറിയാതെ അതിന്റെ മേഖലയിൽനിന്ന് പുറത്തുകടക്കുന്നതായി കാണാം.

## വ്യവഹാരരൂപപരമായ എഡിറ്റിങ്

ഒരു വ്യവഹാരരൂപത്തിൽനിന്ന് വിട്ടുമാറി മറ്റൊരു വ്യവഹാരരൂപത്തിലേക്ക് രചനകൾ മാറിപ്പോയേക്കാം. (ഡയറിയെഴുതുന്ന കുട്ടി എഴുതിക്കൊണ്ടിരിക്കെ പ്രസംഗരൂപത്തിലേക്ക് നീങ്ങുന്നതായി അനുഭവപ്പെടാം.) ഓരോ വ്യവഹാരരൂപത്തിന്റെയും ഘടന, സവിശേഷത എന്നിവ കൃത്യമായി അറിയേണ്ടതുണ്ട്.

## വാക്യഘടനാപരമായ എഡിറ്റിങ്

അധികവാക്കുകളുടെ ഉപയോഗം (ഉദാ: 'ഒരു ചുവപ്പു നിറമുള്ള ഒരു മാണിക്യക്കല്ല്' ഇവിടെ ചുവപ്പു നിറമുള്ള ഒരു മാണിക്യക്കല്ല് എന്നു മതിയാവും.), വാക്കുകൾ ഒഴിവായിപ്പോകുന്ന അവസ്ഥ (ഉദാ: 'കാണാൻ നല്ലഭംഗിയുള്ള മഴത്തുള്ളികൾ എന്നതിൽ നിന്ന് 'ഭംഗി യുള്ള" എന്നത് വിട്ടുപോകുമ്പോൾ വാക്യത്തിനുണ്ടാകുന്ന മാറ്റം), വാക്കുകളുടെ ക്രമമില്ലായ്മ (ഉദാ: 'അധ്യാപകൻ അനുസരിക്കാത്തതിന് കുട്ടിയെ ശിക്ഷിച്ചു' എന്നത് 'അനുസരിക്കാ അതിന് കുട്ടിയെ അധ്യാപകൻ ശിക്ഷിച്ചു എന്ന് മെച്ചപ്പെടുത്തേണ്ടി വരും).

## ചിഹ്നനം

ചിഹ്നങ്ങൾ ആശയങ്ങളുടെ മുദ്രകളാണ്, സംസാരഭാഷയിൽ നാം ഇത് ചില നിർത്തലുകൾ കൊണ്ടും മുളലുകൾ കൊണ്ടും ശബ്ദവ്യത്യാനങ്ങൾ കൊണ്ടും മറ്റും സാധിച്ചെടുക്കും. എന്നാൽ ലേഖനത്തിൽ ഇത് കൃത്യമായി രേഖപ്പെടുത്തിയേ പറ്റൂ. അല്ലെങ്കിൽ ചിലപ്പോൾ പാടേ വിരുദ്ധമായ ആശയങ്ങളായിരിക്കും സംവേദനം ചെയ്യപ്പെടുക. ഉചിതമായ ചിഹ്നങ്ങൾ ഇല്ലാത്തത് കാരണം ഇതിവൃത്തത്തിന്റെ അർഥതലം പാടേ മാറിപ്പോകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുക എന്നതാണ് പ്രധാനം. (ഉദാ: 'പറഞ്ഞില്ല നാളെ മകൻ മകൾ എന്നിവർ വരില്ലേ അവരോട് പറയാം' എന്ന വാക്യം 'പറഞ്ഞില്ല, നാളെ മകനും മകളും വരില്ലേ? അവരോട് പറയാം' എന്ന് ഉചിതമായ ചിഹ്നങ്ങൾ ചേർക്കുമ്പോഴാണ് അർഥം ലഭിക്കുന്നത്. 'എന്തുഭംഗി! എന്തു ഭംഗി! ചിഹ്നം മാത്രമാണ് ഇവിടെ അർഥവ്യത്യാസം സൂചിപ്പിക്കുന്നത്.)

സാധാരണ തെറ്റിപ്പോകാനിടയുള്ള അക്ഷരങ്ങൾ, വള്ളികൾ, പുള്ളികൾ എന്നിവ ശ്രദ്ധിക്കേണ്ടതാണ്. (ഉദാ: 'കേരളം' എന്നത് 'കോരളം' എന്ന് എഴുതുന്ന പ്രവണത)

## ഈണം കണ്ടെത്താം, ചൊല്ലാം

വ്യക്തിഗതമായി ഈണം കണ്ടെത്തി ചെറുസംഘങ്ങളിൽ അവതരിപ്പിക്കുന്നു. മികച്ചത് കണ്ടെത്തി ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു. (വ്യത്യസ്തമായകണ്ടെത്തുന്നതിന് ടീച്ചറിന്റെ ഇടപെടൽ അഭികാമ്യം) ഏറ്റവും മികച്ചതും ഉചിതമായതുമായ ഈണം വിലയിരുത്തൽ സൂചകങ്ങളിലൂടെ കണ്ടെത്തുന്നു.

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.
- ഭാവത്തിനനുയോജ്യമായ ഈണം
- അർഥപൂർണമായി പദം മുറിച്ചും ചേർത്തും ചൊല്ലുന്നു.
- അക്ഷരസ്ഫുടത
- 

**മാതൃക കാവ്യാലാപന അവതരണമെങ്ങനെ?**

- ടീച്ചർ
- മികച്ചതായി ചൊല്ലിയ ഗ്രൂപ്പ്
- കുട്ടികൾ
- ഓഡിയോ

ടീച്ചറുടെ വിലയിരുത്തൽ അവതരിപ്പിക്കുന്നു. തുടർന്ന് പൊതു അവതരണം.

## താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാം

"ഇത്തിരി മണ്ണിൽ താനേ കിളച്ചു വിയ,ർത്തൊരു
വിത്തു പാകുമ്പോൾ, പേർത്തുമത്തടം നനയ്ക്കുമ്പോൾ
പച്ചയാം രക്തം മുറ്റിപ്പടരും ദലച്ചാർത്തിൽ
പറ്റിയ പുഴുക്കളെപ്പിടിച്ചു കളയുമ്പോൾ,
കടിഞ്ഞിൽപൂവും കായും കാണുമ്പൊ,ഴീ നമ്മൾക്കു
കരളിൽ തുടിയ്ക്കുന്നീലെന്തെന്തൊരഭിമാനം !
പണ്ടുതൊട്ടിന്നോളവുമീ മലനാട്ടിൻകുന്നിൻ-
പള്ളയും കാടും വെട്ടി നിരത്തി,ത്തണ്ണീർ തേവി,

വയലും തോപ്പും കായ്പൂന്തോട്ടവും വിരിയിച്ച
വലിയോർകളാം വീരപൂർവ്വികരുടെ രക്തം
ഉണരുന്നല്ലോ വീണ്ടും നമ്മളി,ലന്നേരം നാ-
മണയുന്നല്ലോ തിര്യേ നമ്മൾ തൻതറവാട്ടിൽ.'
ഉർവ്വിയേപ്പുഷ്ടിപ്പിയ്ക്കും കല പോൽ നമുക്കത്ര
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ?"

**(കയ്പവല്ലരി - വൈലോപ്പിള്ളി)**

വരികൾ പ്രദർശിപ്പിക്കുന്നു. ഒരുമിച്ച് ചൊല്ലുന്നു. പൊതുവായ ആശയം ചർച്ച ചെയ്യുന്നു.

"ഉർവിയെപ്പുഷ്ടിക്കും കലപോൽ നമുക്കത്ര
നിർവൃതികരം സർഗവ്യാപാരമുണ്ടോ മന്നിൽ"

ഈ വരികളുടെ ആശയവും 'ഗ്രാമശ്രീകൾ' എന്ന കവിതയിലെ ആശയവും തമ്മിൽ താരതമ്യം ചെയ്യാനാവശ്യപ്പെടുന്നു.

- **ഉർവിയെ പുഷ്ടിപ്പിക്കുന്ന കല എന്ന് കവി ഉദ്ദേശിക്കുന്നതെന്താണ് ?**
- **മന്നിലെ നിർവൃതികരമായ സർഗവ്യാപാരം ഏതാണ്?**
- **മഞ്ജുളമിക്കലാസൃഷ്ടി എന്ന് കടത്തനാട്ട് മാധവിഅമ്മ പറയുന്നത് ഏതിനെയാണ്?**
- **രണ്ടു കവിതാഭാഗങ്ങളിലും കൃഷിയെ എങ്ങനെയെല്ലാമാണ് വിശേഷിപ്പിക്കുന്നത്?**
- **എന്താണ് താരതമ്യക്കുറിപ്പ്?**
- **താരതമ്യക്കുറിപ്പ് തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?**

ചർച്ചയിലൂടെ താരതമ്യക്കുറിപ്പിനുവേണ്ട വിലയിരുത്തൽ സൂചകങ്ങൾ തയ്യാറാക്കുന്നു.

### താരതമ്യക്കുറിപ്പ് – വിലയിരുത്തൽ സൂചകങ്ങൾ

» നിരീക്ഷണങ്ങളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.
» നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
» സ്വന്തം നിഗമനങ്ങൾ യുക്തിസഹമായി അവതരിപ്പിച്ചിട്ടുണ്ട്.
» ആശയവ്യക്തതയോടെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.

ചർച്ചയിൽ ടീച്ചറിന്റെ സജീവമായ ഇടപെടൽ ഉണ്ടാകണം.

വ്യക്തിഗതമായി താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു. ചെറുസംഘങ്ങളിൽ താരതമ്യക്കുറിപ്പ് വായിക്കുകയും വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരോ ഗ്രൂപ്പിൽ നിന്നും ഏറ്റവും മികച്ചത് കണ്ടെത്തി അവതരിപ്പിക്കുകയും ചെയ്യുന്നു. പൊതുചർച്ചയിലൂടെ താരതമ്യക്കുറിപ്പ് മെച്ചപ്പെടുത്തുന്നു.

## പ്രയോഗഭംഗി കണ്ടെത്താം, വിശദീകരിക്കാം

താഴെകൊടുത്ത വിശകലനചോദ്യങ്ങളിലൂടെ ക്ലാസ് ചർച്ച നടത്തുന്നു.

- **ഉണ്ണിക്കതിരോന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?**
- **എങ്ങനെയാണ് വിളിപ്പാടും ദൂരത്തുള്ള വിണ്ണ് ചുവന്നത് ?**
- **നുകം എന്തിനെല്ലാമാണ് ഉപയോഗിക്കുന്നത്? (കൃഷിക്ക്, സഞ്ചാരത്തിനുള്ള വണ്ടിയിൽ കാളകളെ കെട്ടാൻ)**
- **ഇവിടെ നുകം എന്ന് കവി പ്രയോഗിക്കുന്നത് എന്തിനാവാം?**

**വരികൾ വിശകലനം ചെയ്യുന്നതിന് എന്തെല്ലാം രീതികൾ ?**

വരികളുടെ ആശയം വ്യക്തമാക്കുന്ന സ്ലൈഡ്, വീഡിയോ

വർക്ക്ഷീറ്റ് നൽകുന്നു. വരികളുടെ പ്രയോഗഭംഗി എഴുതുന്നു. ടീച്ചറുടെ ഇടപെടലിലൂടെ മെച്ചപ്പെടുത്തൽ നടത്തുന്നു. വർക്ക്ഷീറ്റിലെ കോളങ്ങളിൽ ഒരു വശത്ത് പ്രയോഗഭംഗിയുള്ള വരികൾ കവിതയിൽ നിന്നും കണ്ടെത്തി എഴുതുന്നു. മറുഭാഗത്ത് ക്ലാസ് ചർച്ചയിലൂടെ പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കുന്നു, എഴുതുന്നു.

സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുന്നു.

| പ്രയോഗഭംഗിയുള്ള വരികൾ | പ്രയോഗഭംഗി |
|---|---|
| ഉണ്ണിക്കതിരോന്റെ പൊൻ നുകപ്പാടേറ്റു<br>വിണ്ണിൽ വിളിപ്പാടും ചോന്നിതല്ലോ ! | |
| | |
| | |
| | |

- വാങ്മയചിത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- പ്രയോഗഭംഗി തിരിച്ചറിഞ്ഞിട്ടുണ്ട്.
- പ്രയോഗഭംഗി വിശദമാക്കിയിട്ടുണ്ട്.
- ആശയവ്യക്തതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

## വാങ്മയചിത്രത്തിൽ നിന്ന് വർണ്ണചിത്രത്തിലേക്ക്

താഴെ കൊടുത്ത വരികൾ പ്രദർശിപ്പിക്കുന്നു.
കവിത വ്യക്തിഗതമായും സംഘമായും ചൊല്ലുന്നു.

തുമ്പപ്പൂവിലും തുമയെഴും നിലാ-
വമ്പിൽ തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നിൽക്കുന്നിതാ മര -
ക്കൊമ്പിന്മേൽ നിന്നും കോലോളംദൂരത്തിൽ

### എന്താണ് വാങ്മയചിത്രം?

എഴുത്തുകാരൻ വാക്കുകൾ കൊണ്ട് വരയ്ക്കുന്ന ചിത്രമാണ് വാങ്മയചിത്രം. വാങ്മയചിത്രത്തിനൊരു ചിത്രസ്വഭാവം ഉണ്ടായിരിക്കും. വായനക്കാരന്റെ മനസ്സിൽ വായിക്കുന്ന ഭാഗം ഒരു ചിത്രത്തിലെന്നപോലെ തെളിഞ്ഞുവരും.

ഈ വരികൾ ചൊല്ലുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രം നോട്ടു പുസ്തകത്തിൽ വരയ്ക്കാൻ ആവശ്യപ്പെടുന്നു. പരസ്പരം വിലയിരുത്തുന്നു. ഇതു പോലെ വാങ്മയ ചിത്രങ്ങളുള്ള വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പുസ്തകത്തിൽ എഴുതുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. ഓരോ വാങ്മയചിത്രത്തെയും കുട്ടികൾ വർണചിത്രങ്ങളാക്കുന്നു. അതിനുള്ള അനുകൂലസാഹചര്യം അധ്യാപകർ ഒരുക്കിക്കൊടുക്കണം.

## പ്രദർശനനഗരിയിലേക്ക്...

ക്ലാസ് പി.ടി.എ. നടത്തി ചിത്രപ്രദർശനം സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ ആസൂത്രണം ചെയ്യുന്നു.

**ഒരുക്കങ്ങൾ എന്തെല്ലാം?**

- സ്ഥലം
- തീയതി
- ഉദ്ഘാടനം
- ഡോക്യുമെന്റേഷൻ ടീം

ചിത്രപ്രദർശനം ഡോക്യുമെന്റ് ചെയ്ത് നവമാധ്യമങ്ങളിലും ക്ലാസ് ഗ്രൂപ്പുകളിലും പങ്കുവെയ്ക്കണം.

## ആശയപടം പൂർത്തിയാക്കാം, ആസ്വാദനക്കുറിപ്പ് എഴുതാം

കുട്ടികളുമായുള്ള ചർച്ചയിലൂടെ ആശയപടം പൂർത്തിയാക്കുന്നു.

- കവിതയുടെ രചയിതാവ്, കൃതി
- കവിതയുടെ പ്രധാന ആശയങ്ങൾ
- പ്രയോഗ ഭംഗി
- ശബ്ദഭംഗി
- സമാന കവിതകൾ
- സമാനാനുഭവങ്ങൾ
- സമകാലിക പ്രസക്തി
- സ്വന്തം നിരീക്ഷണം

ആശയപടത്തിലെ ഒന്നോ രണ്ടോ ഘടകങ്ങൾ ഓരോ ഗ്രൂപ്പ് വീതം ചർച്ച ചെയ്യുന്നു. ചർച്ചചെയ്ത ആശയങ്ങൾ പൊതുവായി ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. ക്രോഡീകരിക്കുന്നു. സമാന കവിതകൾ ലഭിക്കാൻ സ്കൂൾ / ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തണം. ആശയപടത്തിന്റെ പൂർത്തീകരണത്തിനും ചർച്ചയ്ക്കും ശേഷം ആസ്വാദനക്കുറിപ്പിന്റെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുന്നു. താഴെക്കൊടുത്ത ഘടകങ്ങളുടെ സാധ്യത ചർച്ചയിലൂടെ തിരിച്ചറിഞ്ഞ് ഉൾപ്പെടുത്തേണ്ടതാണ്.

- കവിതയുടെ പ്രമേയം തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആസ്വാദനാംശങ്ങൾ (ശബ്ദഭംഗി, പ്രയോഗഭംഗി...) കണ്ടെത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

ആസ്വാദനക്കുറിപ്പ് രചന ആദ്യം വ്യക്തിഗതമായി നടത്തുന്നു. തയ്യാറാക്കിയ രചനകൾ ചെറു സംഘങ്ങളിൽ അവതരിപ്പിക്കുന്നു. വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിച്ച് രചനകളെ വിലയിരുത്തുന്നു. വിലയിരുത്തിയ രചനകളെ സ്വന്തമായും കൂട്ടുകാരുമായും ചേർന്ന് വ്യവഹാര രൂപം, ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നം എന്നീ തലങ്ങളിൽ എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുന്നു. മെച്ചപ്പെടുത്തിയ രചനകൾ പോർട്ട് ഫോളിയോയിലേക്ക് മാറ്റുന്നു.

## പഴഞ്ചൊൽക്കേളി

കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ ശേഖരിക്കാൻ കുട്ടികളോട് മുൻകൂട്ടി ആവശ്യപ്പെടണം. പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നതിനൊപ്പം അതിന്റെ വ്യാഖ്യാനം കൂടി മുതിർന്നവരോട് ചോദിച്ച് മനസ്സിലാക്കാനും രേഖപ്പെടുത്തി വയ്ക്കാനും പറയണം. കുട്ടികളെ ചെറു സംഘങ്ങളാക്കുക. ശേഖരിച്ച പഴഞ്ചൊല്ലുകൾ ഗ്രൂപ്പിൽ അവർ തന്നെ ക്രോഡീകരിക്കണം. ഇതേ സംഘങ്ങൾ തന്നെയാണ് പഴഞ്ചൊൽകേളിക്കും.

ടീച്ചറുടെ ക്രിയാത്മകമായ ഇടപെടൽ ഈ പ്രവർത്തനത്തിൽ അത്യാവശ്യമാണ്.

പഴഞ്ചൊൽക്കേളിയുടെ സ്കോർ,നിബന്ധനകൾ, സമയം എന്നിവ ക്ലാസിന്റെ സാഹചര്യത്തിനനുസരിച്ച് തയ്യാറാക്കണം.

ഒരു ഗ്രൂപ്പ് ഒരു പഴഞ്ചൊല്ല് പറയുമ്പോൾ അടുത്ത ഗ്രൂപ്പ് ആ പഴഞ്ചൊല്ലിനെ വ്യാഖ്യാനിക്കണം.

ക്ലാസിൽ തീരുമാനിച്ച പ്രകാരം സ്കോർ നൽകി സമയം,നിബന്ധനകൾ എന്നിവ പാലിച്ച് വിജയികളെ തിരഞ്ഞെടുത്ത് അഭിനന്ദിക്കണം.

സ്വായത്തമാക്കിയ പഴഞ്ചൊല്ലുകൾ നമ്മുടെ നിത്യവ്യവഹാരഭാഷയിൽ ഉചിതമായി ചേർക്കാനുള്ള ഒരു ശില്പശാല സംഘടിപ്പിക്കുമല്ലോ.

## ചൊൽക്കാഴ്ചയിലേക്ക്

എന്താണ് ചൊൽക്കാഴ്ച? കുട്ടികളുമായി ചർച്ച നടത്തുന്നു. കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ ലിസ്റ്റ് ചെയ്യുന്നു. ചർച്ചയുടെ അവസാനം ടീച്ചർ കുട്ടികളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു.

### ചൊൽക്കാഴ്ച

കവിത / നാടൻപാട്ട് സംഘമായി ആലപിച്ചുകൊണ്ട് ഒരു കൂട്ടം ആളുകൾ ചുവടുവെച്ച് അഭിനയിച്ച് അവതരിപ്പിക്കുന്നതാണ് ചൊൽക്കാഴ്ച. കവിതയുടെ ആശയവും ഭാവവും വ്യക്തമാകത്തക്കവിധത്തിൽ ഉച്ചത്തിലും ആവശ്യാനുസരണം വരികൾ ആവർത്തിച്ചു കൊണ്ടും ഉള്ള ആലാപനമാണ് വേണ്ടത്. കവിതയുടെ ഗതിക്കനുസരിച്ച് പല സംഘങ്ങളായോ ഒറ്റതിരിഞ്ഞോ ഉള്ള ആലാപനവും ആവാം. ആലാപനത്തിനനുസരിച്ച് താളത്തിൽ ചുവടുവെച്ചുള്ള ചലനങ്ങൾ ഉണ്ടാവണം. മുഖത്തെ ഉചിതമായ ഭാവപ്രകടനവും അനുയോജ്യമായ അംഗവിക്ഷേപങ്ങളുമാണ് അവതരണത്തെ മികവുറ്റതാക്കുന്നത്. ശബ്ദ നിയന്ത്രണം, ചലനങ്ങളുടെ ചടുലത, ഭാവാവിഷ്കാരം എന്നിവ പ്രധാനമാണ്. ചമയങ്ങൾ വേണമെന്നില്ല. അത്യാവശ്യമാണെങ്കിൽ മാത്രം ചെറിയ തോതിൽ ചമയവും വാദ്യോപകരണവും ആകാം.

[ചൊൽക്കാഴ്ചയുടെ മികച്ച ദൃശ്യാവിഷ്കാരങ്ങൾ നവമാധ്യമങ്ങളിൽ ധാരാളമുണ്ട്. നവമാധ്യമ സാധ്യതകൾ ക്ലാസ് മുറിയിൽ ഉപയോഗപ്പെടുത്തുമല്ലോ.]

## പ്രവർത്തനത്തിലേക്ക്

കൃഷിയുമായി ബന്ധപ്പെട്ട നാടൻ പാട്ടുകൾ കുട്ടികൾ ശേഖരിച്ചു കൊണ്ടുവന്നത് ചെറുസംഘങ്ങളിൽ പങ്കുവയ്ക്കുന്നു. ഈ നാടൻ പാട്ടുകൾ ചൊൽക്കാഴ്ചയായി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകണം..

ഈണത്തിലുള്ള ആലാപനം, സംഘമായുള്ള ചുവടുവെപ്പുകൾ, ഉചിതമായ ഭാവപ്രകടനം , അംഗവിക്ഷേപങ്ങൾ തുടങ്ങിയവയാണ് ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ.

വളരെ നേരിയ തോതിലുള്ള വേഷവിധാനം ആവാം.

ഇതൊരു സംഘപ്രവർത്തനമാണ്. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. അനുരൂപീകരണ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.

വ്യത്യസ്ത പഠന നിലവാരത്തിലുള്ള കുട്ടികൾക്ക് നാടൻപാട്ടിന്റെ ആസ്വാദന തലത്തിലേക്ക് എത്താൻ ചൊൽക്കാഴ്ചയിലൂടെ സാധിക്കും.

താഴെ കൊടുത്ത സൂചകങ്ങൾ പ്രയോജനപ്പെടുത്തി ഓരോ ഗ്രൂപ്പിന്റെയും അവതരണത്തെ മറ്റു ഗ്രൂപ്പുകൾക്ക് വിലയിരുത്താൻ സാധിക്കും.

- പാട്ടിന്റെ ആശയവുമായുള്ള പൊരുത്തം
- പാട്ടിന്റെ ആശയം വ്യക്തമാക്കുന്ന വിധമുള്ള ആലാപനം
- ചലനങ്ങളിലും ഭാവത്തിലും അംഗവിക്ഷേപങ്ങളിലുമുള്ള ഔചിത്യവും ചേർച്ചയും.

### കന്നിനെൽക്കണ്ടം

മാധവിയമ്മയുടെ കവിതകളിൽ പ്രധാനപ്പെട്ടതും പ്രസിദ്ധമായതുമാണ് ഗ്രാമശ്രീകൾ. കന്നി നെൽക്കണ്ടം ഉഴുതുമറിക്കുന്ന കർഷകത്തൊഴിലാളികളെ പ്രകീർത്തിക്കുന്നതാണ് ഈ കവിത. തന്നെപ്പോലുള്ള സ്ത്രീകൾ ചുട്ടുപൊള്ളുന്ന വെയിലിൽ വടക്കൻ പാട്ടുകൾ പാടിക്കൊണ്ട് പണിയെടുക്കുകയാണ്.

"നാണിച്ചുപോകുന്നു, നീളൻകുടചൂടി
ഞാനീ വരമ്പിൻ കൊതുമ്പിൽ നിൽക്കേ
ഏതൊരു വിശ്വവിദ്യാലയത്തിങ്കലെൻ
സോദരിമാരേ, പഠിച്ചു നിങ്ങൾ?
കൈവശമാക്കുവാനിക്കലാവൈഭവ -
മേതൊരധ്യാപകൻ കൂട്ടുനിന്നു?"

കർഷകത്തൊഴിലാളികൾ പിരിയോലക്കുട പോലും ചൂടാതെ, കനൽ വാരിയെറിയുന്ന സൂര്യന്റെ കീഴിൽ നടുവളച്ചു നിന്ന് ജന്മനാടിന്റെ നന്മകൾ നെയ്തെടുക്കുന്ന കാഴ്ചയാണ് കവയിത്രി കാണുന്നത്. ഉന്നത കുലജാതയായ താൻ കുലമഹിമയ്ക്കൊത്ത നീളൻ കുടയും ചൂടി വയൽ വരമ്പിൽ അകലെയൊരോരത്ത് നിൽക്കുകയാണ്. വെയിലേറ്റ് നിൽക്കുന്ന കർഷകസ്ത്രീകളിൽ നിന്നും വിഭിന്നമായി ധനാഢ്യതയുടെ കേമത്തത്തിൽ, വെയിലേൽക്കാതെ നില്ക്കുന്ന കവയിത്രി സ്വയം നിന്ദിക്കുകയും നാണിക്കുകയും ചെയ്യുന്നു. ജാതിപ്പെരുമയും ധനാഢ്യതയും ഒഴിച്ച് മറ്റെല്ലാ കാര്യത്തിലും തനിക്ക് സമാനരായ പാവം കർഷകസ്ത്രീകൾ ചേർക്കുണ്ടിൽ വിരലുകളാഴ്ത്തി നാടിന്റെ നന്മകൾ നെയ്തെടുക്കുമ്പോൾ താൻ മാത്രം അവരിൽനിന്ന് വിഭിന്നമായി വരമ്പിൻ കൊതുമ്പിലേക്ക് കുടയും ചൂടി മാറി

നിൽക്കുന്നതിലാണ് അവർ ലജ്ജിക്കുന്നതും സ്വയം നിന്ദിക്കുന്നതും. നാടിന്റെ നന്മകൾ വിതച്ചു കൊയ്യുന്നവരാണ് കർഷകത്തൊഴിലാളികൾ. സത്യത്തിൽ അവരാണ് തന്നെക്കാൾ മഹത്വമുള്ളവർ എന്ന് തോന്നലാണ് കവയിത്രിക്കുണ്ടായിരുന്നത്. കർഷകത്തൊഴിലാളിസ്ത്രീകൾ മണ്ണിൽ അധ്വാനിക്കുന്നവരും ചേർക്കുണ്ടിൽ കാവ്യം രചിക്കുന്നവരുമാണ്. മാലിന്യം തൊട്ടുതീണ്ടാത്തവരും ഗ്രാമത്തിന്റെ മണ്ണും മനസ്സും അറിയുന്നവരുമായ ഗ്രാമശ്രീകൾ രചിക്കുന്നതല്ലേ മഹാകാവ്യം? അവരുടെ മുമ്പിൽ താനാര്? തന്റെ കവിതയെന്ത്? തന്റെ കുലമഹിമയെന്ത്?

'കാലുപുതയും വരമ്പത്തെ പ്പാഴ്ച്ചളി -

ത്താരയിൽത്താമരത്താർ വിടർത്തി' ക്കൊണ്ട് നടന്നുവരുന്ന ഗ്രാമശ്രീകൾ നാടിന്റെ അഭിമാനമാണ്. പാഴ്ച്ചളിയിലമരുന്ന ഗ്രാമീണകന്യകളുടെ പാദമുദ്രകളെ താമരപ്പൂക്കളായി മാറ്റുകയാണ് മാധവിയമ്മ ചെയ്യുന്നത്.'ചേറിൽ കുരുക്കുന്നു സിതാംബുജങ്ങൾ" എന്ന് കാവ്യലോകത്തിലെ പൂർവസൂരികൾ പറ ഞ്ഞത് നമുക്കോർമ്മയുണ്ട്.കർഷകതൊഴിലാളികൾ ഗ്രാമസ്ത്രീകളല്ല ഗ്രാമശ്രീകളാണ് എന്ന കണ്ടെത്തൽ ശ്ലാഘനീയമാണ്. അവരുടെ പാദമുദ്രകളെ താമരപ്പൂക്കളാക്കുന്ന ജാലവിദ്യ മനോഹരവുമാണ്.

[കടത്തനാട്ട് മാധവിയമ്മ] [രാജൻ തിരുവോത്ത്]

# കുമ്മാട്ടി

## കുമ്മാട്ടിക്കളി

വിളവെടുപ്പുക്കാലം കർഷകർക്ക് ആഹ്ലാദത്തിന്റെ കാലം.. ആ ആഹ്ലാദം പ്രകടിപ്പിക്കാൻ അവർ എന്ത് ചെയ്യും.

പഴയക്കാലത്തെ ചില കലാരൂപങ്ങൾ ഇന്നും ഇത്തരം ആഹ്ലാദ അവസരങ്ങളെ മനോഹരമാക്കാറുണ്ട്. അത്തരം ചില കലാരൂപങ്ങൾ നിങ്ങൾക്കറിയാമോ. കുട്ടികളോട് എഴുതാൻ ആവശ്യപ്പെടുന്നു. ടീച്ചറുടെ ഇടപെടലോടെ പട്ടിക വികസിക്കുന്നു. ലഘു വീഡിയോകൾ, സ്ലൈഡുകൾ തുടങ്ങിയവടുടെ സാധ്യതകളും ഉപയോഗപ്പെടുത്താം.

- കാളവേല
- വെള്ളരിനാടകം
- നാട്ടിപ്പാട്ട്
- ഉത്സവങ്ങൾ
- കമ്പളം

ഇതുപോലെ കൊയ്ത്തുക്കഴിഞ്ഞ പാടത്ത് പാലക്കാട്, തൃശൂർ, വയനാട് ജില്ലകളിൽ നടക്കുന്ന കലാരൂപമാണ് കുമ്മാട്ടി. മകരം, കുംഭം മാസങ്ങളിലെ വിളവെടുപ്പ് ആഘോഷത്തിന്റെ ഭാഗമായ ഈ

കാലാകാലത്തുള്ള കൃഷിപ്പണികൾ കഴിഞ്ഞാൽ കൃഷിക്കാർ പലതരത്തിലുള്ള കലാവിനോദങ്ങളിലേർപ്പെട്ടിരുന്നു. ഗ്രാമീണകർഷകർ അവരുടെ ജീവിതത്തിന്റെ ഭാഗമായി അവർ വളർത്തിയെടുത്തിട്ടുള്ള കലകൾക്ക് സ്വാഭാവികമായും അധ്വാനശേഷിയുടെ തിമിർപ്പും വിയർപ്പിന്റെ വീര്യവുമുണ്ടാകും. മണ്ണും മനുഷ്യനും തമ്മിലുള്ള അധിഷ്ഠിതവും സ്വതന്ത്രവുമായ സർഗശക്തിയുടെ നിഷ്കളങ്ക സൗന്ദര്യം അവയിൽ ദർശിക്കാവുന്നതാണ്. കേരളത്തിലെ കർഷകജനത അതിപ്രാചീനകാലം മുതൽക്ക് ഇന്നോളമുള്ള തലമുറകളിൽ കൂടെ തങ്ങളുടെ ജീവിതത്തിനു ചൂടും വെളിച്ചവും നൽകിയ പരശ്ശതം സംഭവങ്ങളുടെ അപദാനങ്ങളെയും സങ്കല്പങ്ങളുടെ മഹത്വത്തെയും സ്വന്തം ഭാവനയിൽ വിളഞ്ഞ വ്യത്യസ്തഭംഗിയിലും താളത്തിലും ഈണത്തിലും എങ്ങനെ പാടിപ്പുകഴ്ത്തിയെന്നറിഞ്ഞാൽ മാത്രമേ കേരളത്തിന്റെ സവിശേഷമായ സാംസ്കാരിക സിദ്ധികളെയും അതുവഴി കേരളത്തിന്റെ ആത്മസത്തയേയും നമുക്കു കണ്ടെത്താൻ കഴിയൂ.

(ഫോക്‌ലോർ പഠനങ്ങൾ,
പി. കെ. ശിവശങ്കരപ്പിള്ള)

കലാരൂപം തൃശൂരിൽ ഓണക്കാലത്താണ് ആട്ടവും പാട്ടുമായെത്തുക. ഏറെ ഭംഗിയുള്ള മുഖംമൂടികൾ ഇതിൽ ഉപയോഗിക്കും. ആ കലാരൂപത്തെക്കുറിച്ച് നമുക്കൊന്നറിയാം.

കേരളത്തിൽ കുമ്മാട്ടിക്കളി വയനാട്ടിലും തൃശൂർ ജില്ലയിലും പാലക്കാടു ജില്ലയിൽ വടക്കഞ്ചേരി, ആലത്തൂർ, കുനിശ്ശേരി, ചിറ്റൂർ എന്നീ പ്രദേശങ്ങളിലും കാണുന്നുണ്ട്. തൃശൂരിൽ കുമ്മാട്ടി ഒരു വിനോദകലാപ്രകടനവും മറ്റു പ്രദേശങ്ങളിൽ ദേവിക്കുള്ള ഒരനുഷ്ഠാനവുമായി ആഘോഷിച്ചു വരുന്നു. കളിയിലും വേഷത്തിലും പാട്ടിലും  അൽപവ്യത്യാസങ്ങൾ കാണാമെന്നുണ്ടെങ്കിലും കുമ്മാട്ടിയുടെ പ്രാഗ്‌രൂപം ഒന്നു തന്നെയാണെന്നു പറയാം.

പാലക്കാട് ഒറ്റപ്പാലം താലൂക്കിൽ കാർഷികോത്സവത്തിന്റെ ആരംഭത്തെ കുറിക്കുന്നതാണ് കുമ്മാട്ടി. മുളയിടുക എന്നാണവർ പറയുന്നത്. മകരക്കൊയ്ത്തു കഴിഞ്ഞാൽ കുമ്മാട്ടിക്കളി ആരംഭിക്കുകയായി. കുമ്മാട്ടിപ്പുല്ലിനു പകരം ഉണങ്ങിയ വാഴയില , ചപ്പുകൾ എന്നിവ ദേഹത്തു ധരിക്കുന്നു. ഒരു ദിവസം മാത്രമേ കളിയുള്ളൂ. കളിക്കാർ മുഖത്ത് പാളയോ പൊയ്മുഖങ്ങളോ വയ്ക്കാറുണ്ട്. അവർ പാട്ടു പാടാറില്ല. മേളക്കൊഴുപ്പിനു വേണ്ടി ഒരു തരം ചെണ്ട ഉപയോഗിക്കാറുണ്ട്. തുള്ളലാണ് പ്രധാനമായ പരിപാടി.

പണ്ടൊക്കെ നായന്മാർ മാത്രം പങ്കെടുത്തിരുന്ന കുമ്മാട്ടിക്കളിയിലിപ്പോൾ ജാതിമതഭേദമെന്യേ കുട്ടികൾ ആവേശപൂർവം പങ്കെടുക്കുന്നുണ്ട്. തള്ളയാണ് കുമ്മാട്ടിയിലെ ഏറ്റവും ആകർഷകമായ വേഷം. കുമ്മാട്ടിയിലെ തള്ള കേരളത്തിലെ മറ്റു ചില നാടൻ കലാരൂപങ്ങളിലും കാണാറുണ്ട്. തളളക്കുമ്മാട്ടിക്കു പല്ലില്ലാത്ത കിഴവിയുടെ സഹതാപാർഹമായ മുഖാവരണമുണ്ടായിരിക്കും. തലയിൽ പണ്ടത്തെ സ്ത്രീകളുടെ തലമുടിക്കെട്ടിന്റെ വേഷം ചിത്രണം ചെയ്തിട്ടുണ്ടായിരിക്കും കാതിൽ കുണ്ഡലങ്ങൾക്കു പകരം വഴുതിനങ്ങയോ മറ്റോ കെട്ടിത്തൂക്കും. കുമ്മാട്ടിക്കളിക്ക് പാട്ടുണ്ട്. കളിക്കാരുടെ നേതാവാണ് പാടുന്നത്. മറ്റുള്ളവർ ഏറ്റു പാടുകയാണ് ചെയ്യുന്നത്. കുമ്മാട്ടികൾ ഏറ്റു പാടാറില്ല. മുഖത്ത് പൊയ്മുഖം വെച്ച കാരണം പാടാനൊന്നു കഴിയുകയുമില്ല. പാട്ടിനു താളം കൊടുക്കുന്ന വാദ്യം ഓണവില്ലാണ്.

**(കുമ്മാട്ടി – ചുമ്മാർ ചൂണ്ടൽ)**

കുമ്മാട്ടി എന്ന കലാരൂപത്തിന്റെ വീഡിയോയിലൂടെ പാഠഭാഗത്തേക്ക്...

## പാഠവായന

കുട്ടികൾ പാഠഭാഗം വായിക്കുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ പാഠഭാഗം വായിച്ച് അവതരിപ്പിക്കുന്നു. വേണ്ട തിരുത്തലുകൾ ടീച്ചറും കൂട്ടുകാരും നടത്തുന്നു. തുടർന്ന് മാതൃകാവായന.

പാഠത്തിലേക്ക് പ്രവേശിക്കാൻ മറ്റു മാർഗങ്ങളും സ്വീകരിക്കുമല്ലോ.

## ചർച്ച ചെയ്യാം കണ്ടെത്താം

കുമ്മാട്ടി എന്ന പാഠഭാഗം വായിച്ചശേഷം പഠനപ്രവർത്തനമായി കൊടുത്ത ചോദ്യങ്ങൾ ചർച്ച ചെയ്യുന്നു. ചർച്ചയ്ക്കു ശേഷം ലഭിക്കുന്ന ആശയങ്ങൾ നോട്ടുപുസ്തകത്തിൽ കുറിക്കുന്നു. പരസ്പര വിലയിരുത്തലിലൂടെ കുറിപ്പുകൾ മെച്ചപ്പെടുത്തുന്നു.

- ചർച്ചയിലെ പങ്കാളിത്തം
- യുക്തിപൂർണമായ വാദമുഖങ്ങൾ
- അവതരണത്തിലെ ആശയവ്യക്തത

എന്നിവ ചർച്ചയിൽ പരിഗണിക്കണം.

വീടുകൾ തോറും കയറിയിറങ്ങി കളിക്കുന്നതുകൊണ്ട് കുമ്മാട്ടിക്ക് ദേശക്കുമ്മാട്ടി എന്നും പറയും.

## വിശകലനം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

- **കാർഷികോത്സവങ്ങൾ, നാട്ടുത്സവങ്ങൾ എന്നിവയിൽ പങ്കെടുത്തിട്ടുണ്ടോ?**
- **ഇത്തരം ഉത്സവങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?**
- **കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും ജനമൈത്രി നിലനിർത്താൻ എങ്ങനെയെല്ലാമാണ് സഹായിക്കാറുള്ളത്?**
- **പാഠഭാഗത്ത് ഇത്തരം സന്ദർഭങ്ങൾ പരാമർശിച്ചിട്ടുണ്ടോ?**

( തീം ലൈബ്രറിയിലെ പുസ്തകങ്ങൾ ഉപയോഗപ്പെടുത്തണം. വീട്ടിലെ മുതിർന്നവരോടും ഈ കാര്യങ്ങൾ അന്വേഷിച്ചറിയാൻ നിർദ്ദേശിക്കണം.)

വിശകലന ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ചർച്ച നടത്തുന്നു. ചർച്ചയുടെ ക്രോഡീകരണം ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തുന്നു. പരസ്പരമുള്ള ഇടപെടലിലൂടെ ക്രോഡീകരണം മെച്ചപ്പെടുത്തുന്നു.

വിശകലനക്കുറിപ്പ് വ്യക്തിഗതമായി തയ്യാറാക്കുന്നു.

വ്യവഹാരരൂപം, ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹനം എന്നീ തലങ്ങളിൽ ചെറുസംഘങ്ങളായി തിരിഞ്ഞ് എഡിറ്റിംഗ് നടത്തുന്നു. എഡിറ്റിംഗ് നടത്തിയ മെച്ചപ്പെടുത്തിയ വിശകലനക്കുറിപ്പ് വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. അവതരണത്തിനുശേഷം പോർട്ട് ഫോളിയോയിലേക്ക്...

## കാർഷികോത്സവം

സ്കൂളിൽ കാർഷികോത്സവം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഘുചർച്ച നടത്തുന്നു.

- നിങ്ങളുടെ നാട്ടിൽ ഏതെല്ലാം കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളുമാണുള്ളത്?
  വീട്ടിലെ മുതിർന്നവർ, അയൽക്കാർ, ബന്ധുക്കൾ എന്നിവരുടെ സഹായം കൂടി ഉപയോഗപ്പെടുത്തണേ...
- നാട്ടിലെ കർഷകരുടെ സഹായത്തോടെ ഒരു കാർഷികോത്സവം സ്കൂളിൽ സംഘടിപ്പിച്ചാലോ...

**പ്രാദേശിക വഴക്കം**

നഗരപ്രദേശങ്ങളിലെ കുട്ടികളിൽ പലരും കൃഷിപ്പണികൾ കണ്ടിട്ടുള്ളവരാകണമെന്നില്ല. അതിനാൽ ഈ പ്രവർത്തനം പ്രധാനമാകുന്നു. "വിത്തെന്ന മഹാദ്ഭുതം" എന്ന പാഠഭാഗത്തിലെ "വിത്തുമേള" എന്ന പ്രവർത്തനവുമായി ചേർത്തും കാർഷികോത്സവം നടത്താം.

**അതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തണം?**

- ജനറൽബോഡിയോഗം
- കാർഷികോത്സവം അറിയിപ്പ്
- സംഘാടക സമിതി രൂപീകരണം
- കാർഷികോത്സവ തീയതി, സ്ഥലം എന്നിവ കണ്ടെത്തൽ
- കാർഷികോത്സവത്തിൽ/നാട്ടുത്സവത്തിൽ എന്തെല്ലാം ആകാം?
- കർഷകരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം ഉറപ്പുവരുത്തൽ.

**പ്രചാരണത്തിനായി എന്തെല്ലാം ചെയ്യാൻ സാധിക്കും?**

» നോട്ടീസ്
» പോസ്റ്റർ
» റീൽസ്
» ബാനർ

**നോട്ടീസ്, പോസ്റ്റർ, ബാനർ, റീൽസ് എന്നിവ തയ്യാറാക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം?**

സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥികളെ മൊത്തമായി കണ്ട് 4 ഗ്രൂപ്പുകളാക്കുക. ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം ഗ്രൂപ്പിലെ ഏറ്റവും മികച്ച നോട്ടീസ് / പോസ്റ്റർ / ബാനർ / റീൽസ് എന്നിവ കണ്ടെത്തുന്നു. അതാകണം കാർഷികോത്സവം / നാട്ടുത്സവത്തിന്റെ നോട്ടീസും പോസ്റ്ററും ബാനറും റീൽസും.

ഡിജിറ്റലായും ഇതെല്ലാം തയ്യാറാക്കാൻ കുട്ടികളോട് പറയണം.

## വിവരണം തയ്യാറാക്കാം

കാർഷികോത്സവം/നാട്ടുത്സവം എന്നിവ നേരിൽ കണ്ട അനുഭവം നാട്ടിൽ നിന്നും സ്കൂളിൽ നിന്നും കിട്ടിക്കഴിഞ്ഞല്ലോ. ഈ അനുഭവങ്ങളിൽ നിന്നുവേണം വിവരണം തയ്യാറാക്കാൻ.

- കുട്ടികൾ കണ്ട അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.
- ചർച്ചയിലൂടെ വിവരണത്തിന്റെ വിലയിരുത്തൽ സൂചകം തയ്യാറാക്കുന്നു.
  - » ആശയം വ്യക്തമാക്കിയിട്ടുണ്ട്.
  - » ആശയങ്ങളുടെ ഭാവം മനസ്സിൽ തട്ടുംവിധം അവതരിപ്പിക്കാനുതകുന്ന ഭാഷ.
  - » സംക്ഷിപ്തമായ പ്രതിപാദനം
- പങ്കുവച്ച അനുഭവങ്ങൾ വിവരണമാക്കി എഴുതാൻ ആവശ്യപ്പെടുന്നു.
- എഴുതിയ വിവരണം വ്യക്തിഗതമായി വിലയിരുത്തിയ ശേഷം ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. എഡിറ്റിംഗിന് ശേഷം വിവരണപ്പതിപ്പ് തയ്യാറാക്കുന്നു. കൈയെഴുത്തുപ്രതിയായും ഡിജിറ്റലായും വിവരണപ്പതിപ്പ് തയ്യാറാക്കണം.

## ഡോക്യുമെന്ററി തയ്യാറാക്കാം

എന്താണ് ഡോക്യുമെന്ററി ? ചർച്ചയിലൂടെ കുട്ടികളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു.

ഒരു സംഭവത്തെയോ വ്യക്തിയെയോ വസ്തുതകളെ അടിസ്ഥാനമാക്കി പരിശോധിക്കുന്ന വീഡിയോ ആണ് ഡോക്യുമെന്ററി. വ്യക്തിപരമായി വികാരങ്ങൾ വളച്ചൊടിക്കാതെ സാങ്കൽപ്പിക കാര്യങ്ങൾ ഉൾപ്പെടുത്താതെ, വ്യാഖ്യാനിക്കാതെ യഥാർഥമായത് പറയുന്നു.

**ഡോക്യുമെന്ററി തയ്യാറാക്കാനുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാം?**

- സ്ക്രിപ്റ്റ് തയ്യാറാക്കണം.
- ദൃശ്യങ്ങൾ തീരുമാനിക്കണം
- ക്യാമറ, എഡിറ്റിംഗ് സാധ്യതകൾ
- 

തയ്യാറാക്കിയ ഡോക്യുമെന്ററി സ്കൂൾ ജനറൽബോഡി, ക്ലാസുകൾ, സാഹിത്യഇടങ്ങൾ തുടങ്ങിയവയിൽ പ്രദർശിപ്പിക്കുന്നു. സ്കൂൾ നവമാധ്യമങ്ങൾ വഴി വീഡിയോ പ്രചരിപ്പിക്കുന്നു.

### കോതാമ്മൂരിയാട്ടം

കോലത്തുഗ്രാമങ്ങളിൽ തുലാം, വൃശ്ചിക മാസങ്ങളിലായി തെയ്യം കലാകാരന്മാരായ മലയസമുദായക്കാർ ആടിയിരുന്ന നാടോടിനൃത്തകലയാണിത്. ഉർവരതാനുഷ്ഠാനങ്ങളുമായി ഏറെ അടുത്തു നിൽക്കുന്ന കോതാമ്മൂരി ഒരു 'വീടോടി' കലാരൂപമാണ്. *(കോതാമ്മൂരിയാട്ടത്തെക്കുറിച്ച് വിശദമായറിയാൻ ഡോ.എം.വി. വിഷ്ണു നമ്പൂതിരി എഴുതിയ കോതാമ്മൂരിയാട്ടം എന്ന പുസ്തകം വായിക്കണേ...)*

കോതാമ്മൂരിയാട്ടത്തിലെ പാട്ടുകളിലൊന്നായ വിത്തുപൊലിപ്പാട്ടിൽ നിന്നും എടുത്തതാണ് വരികൾ കൂട്ടിച്ചേർക്കാനുള്ള പ്രവർത്തനം. വിവിധ വിത്തിനങ്ങളുടെ പേരു പറഞ്ഞ് ആ വിത്തെല്ലാം നിറഞ്ഞു പൊലിഞ്ഞു വരണമേ എന്നാണ് ഈ പാട്ടുകളിലുള്ളത്.

## വരികൾ ചേർത്ത് പാടാം

കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ കഴിഞ്ഞ അധ്യായത്തിൽ പരിചയപ്പെട്ടിട്ടുണ്ട്. ചൊൽക്കാഴ്ചയായി അവതരിപ്പിച്ചിട്ടുണ്ട്. അത്യുത്തര കേരളത്തിൽ പ്രത്യേകിച്ചും കോലത്തു നാട്ടിലുള്ള അനുഷ്ഠാന കലയായ കോതാമ്മൂരിയാട്ടത്തിൽ നിന്നുമെടുത്ത വിത്തുപൊലിപ്പാട്ടിലെ കുറച്ചുഭാഗമാണ് വരികൾ ചേർത്ത് പാടാം എന്ന പ്രവർത്തനത്തിൽ നൽകിയിട്ടുള്ളത്.

കോതാമ്മൂരിയാട്ടം വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. പ്രത്യേകതകൾ ചർച്ച ചെയ്യുന്നു.

വിത്തുപൊലിപ്പാട്ട് ക്ലാസിൽ ഈണത്തിലും താളത്തിലും പാടി അവതരിപ്പിക്കുന്നു. ടീച്ചറുടെയും മുതിർന്നവരുടെയും സഹായത്തോടെ കൂടുതൽ നെൽവിത്തിനങ്ങളുടെ പേര് കണ്ടെത്തി, വരികൾ കൂട്ടിച്ചേർത്ത് പാടി രസിക്കുന്നു.

### വിത്തുപൊലിപ്പാട്ടിൽ പരാമർശിക്കുന്ന പതിനെട്ടിന നെൽവിത്തുകൾ

- ചെന്നെല്ല്
- കുഞ്ഞിക്കഴമ
- തുച്ചെണ്ടൻ
- വിരിപ്പ്
- എണ്ണക്കുഴമ്പൻ
- നാരകൻ
- പൊൻ കിളിവാലി
- മുണ്ടകൻ
- നവരപ്പുഞ്ച
- കവുങ്ങിൻ പൂത്താട
- ചിറ്റേനി
- തഴുവൻ
- നാളികൻ
- പാൽക്കഴമ
- ഉണ്ണിക്കുറുവ
- കോയിവാലൻ
- ജീരകശാല
- ഗന്ധകശാല

**? നെൽവിത്തുകളുടെ പേര് ലഭിക്കാൻ പ്രയാസം നേരിട്ടോ?**

**? എന്തുകൊണ്ടായിരിക്കാം ഈ പ്രയാസം വന്നത്?**

**? ഇത്തരം വിത്തുകൾ ഇന്നും സംരക്ഷിക്കപ്പെടുന്നുണ്ടോ?**

ചെന്നെല്ല്, കരിഞ്ചെന്നെല്ല്, കുട്ടിവിത്ത്, കുറുഞ്ഞി, കോഴിവാലൻ, വെള്ള ജീവാലൻ, പൊന്നാരിയൻ, കഴമ, പറമ്പൻ കഴമ, മുണ്ടകൻ, അരിക്കിരാലി, പയ്യനാടൻ, ഒന്നിടിയൻ, മുവാലി, പുത്തനാടൻ, മോടൻ, ചെറുമോടൻ, മലയടൂമ്പൻ, കരിമ്പാല, ആരിയൻ, കാളി, വട്ടൻ, മുണ്ടപ്പള്ളി, നവര, കോഴിവാള, കുട്ട നാടൻ ചെപ്പിലക്കാടൻ, കൂവളക്കാടൻ, കുമ്പളവൻ, ചെന്താർമണിയൻ വെള്ള ഞായൻ, കരിങ്കാളി, അരിക്കുറുമ, ആരിയങ്കാളി, തനിക്കാളി, ചേരണാലി സ്വർണാലി, കറുത്ത എരുമക്കാലി, ചിറ്റേണി, കാടക്കഴുത്തൻ, വെള്ളക്കുറുഞ്ഞി, കരിങ്കുറുഞ്ഞി, അന്നച്ചെമ്പാൻ, കല്ലുണ്ടച്ചെമ്പാൻ, ചെഞ്ചമ്പാൻ, ഈർക്കിലി ച്ചെമ്പാൻ, കോതമ്പുചെമ്പാൻ, വെട്ടികുട്ടാടൻ, പാണ്ടി, ചെറുപാണ്ടി, ആന ക്കൊമ്പൻ, തുളുനാടൻ, ചെറ്റാരിയൻ, മണലാരിയൻ, കറുത്ത കുറുവ, കുറുവ, പറമ്പൻ, ചെറിയ പറമ്പൻ, അയനി, ചെറിയാരിയൻ, പൊക്കാളി, ചെറുപൊക്കാളി, കുര, കാടക്കഴുത്തൻ, കൊളവാഴ, വെള്ളകൂട്ടാടൻ സീതഭോഗം, ഉഴതു വിട്ടി, എടക്കുറുമ, കാര, വശനം, ചെമ്പാവ്, മുളകുചെമ്പാവ്, ചീരകച്ചെമ്പാവി കൽക്കുമ്മായൻ, പൂങ്കാര തിരുപ്പുകിൽ, കുങ്കുമച്ചെമ്പാവ്, വെള്ളക്കാരു, എളക്കാരു, പുഴുകുചെമ്പാവി, ചെമ്പളം, പൂമ്പോള മട്ടക്കാരു ആകെ 37 തരം ഓരോ തരം വിത്ത്, പല പ്രദേശത്ത് പല പേരിലറിയപ്പെടുന്നതിനാൽ ഇതിൽ എണ്ണം പെരുകിയിട്ടുണ്ടാവാം. എന്നാലും ഏതാണ്ട് അമ്പതിലധികം തരത്തിലുള്ള നെൽവിത്ത് ഇവിടെ ഉണ്ടായിരുന്നു എന്നുതന്നെ കരുതണം.

കൃഷിഗീത - പരിസ്ഥിതിഅറിവടയാളങ്ങൾ

(കുമ്മാട്ടിയുടെ പൊയ്മുഖ നിർമാണത്തെക്കുറിച്ച്
ഏഴാംതരം കലാവിദ്യാഭ്യാസ പാഠപുസ്തകത്തിലുണ്ട്.)

## വിത്തെന്ന മഹാദ്ഭുതം

പ്രതീക്ഷകളാണ് നമ്മെ മുന്നോട്ടു നയിക്കുന്നത്

ഓരോ കൊയ്ത്തും ഉത്സവമാണ്... അടുത്ത വിത്തിറക്കത്തിലേക്കുള്ള ഇടവേളയാണ്. ഓരോ വിത്തും അത്രമേൽ ക്ഷമയോടെ കാത്തിരിക്കുന്നത് പുതിയ പ്രഭാതമാണ് .... നാളത്തെ പ്രഭാതത്തിനായി കാത്തിരിക്കുന്ന വിത്തുകളുടെ പ്രതീക്ഷയെ കെടുത്താതെ, നശിച്ചു കൊണ്ടിരിക്കുന്ന വിത്തു പാരമ്പര്യത്തെ സംരക്ഷിക്കുന്ന വിത്തിന്റെ കാവലാളായ പദ്മശ്രീ ചെറുവയൽ രാമന്റെ ആത്മകഥയിൽ നിന്നും ഒരു ഭാഗമാണ് പാഠഭാഗം.

> അത്രമേൽ ക്ഷമയോടെ
> അതിലേറെ പ്രതീക്ഷയോടെ
> ഒരു വിത്ത് സൂര്യനിലേക്ക് നോക്കുന്നു

മാനവ ചരിത്രത്തിൽ ഏറ്റവും പ്രധാനമായ സംഭവം കാർഷിക വികസനം ആയിരുന്നു. പ്രത്യേകിച്ച് വീടിന്റെ ചുറ്റുവട്ടത്ത് വളരത്തക്ക വിധം നെല്ലിനെ പാകപ്പെടുത്തിയ സംഭവം. വേട്ടയാടിയും മീൻ പിടിച്ചും ഫലമൂലാദികൾ സംഭരിച്ചും കഴിഞ്ഞിരുന്ന പ്രാകൃത ജീവിത ശൈലിക്ക് കാർഷികജീവിതം ഭാഗികമായി അന്ത്യം കുറിച്ചു. പാര, കട്ടപ്പാര, കലപ്പ എന്നീ കാർഷികോപകരണങ്ങളിൽ തുടങ്ങിയ കാർഷിക ജീവിതയാത്ര യന്ത്രക്കലപ്പയുടെ യുഗത്തിലെത്തി. യന്ത്രവൽക്കരണമാണ് കൃഷിയെ വ്യവസായവൽക്കരിച്ചതും ഹരിതവിപ്ലവത്തിലേക്ക് നയിച്ചതും. കാർഷികോപകരണങ്ങളുടെ കണ്ടുപിടിത്തവും അതിന്റെ ക്രമാനുഗതമായ അഭിവൃദ്ധിയും കൃഷിയോടൊപ്പം ഭൂമിയിലെങ്ങും കുടിയേറാൻ മനുഷ്യനെ പ്രാപ്തനാക്കി. (നെല്ലും സംസ്കൃതിയും - വി.ശങ്കരൻ നായർ )

സ്ലൈഡ് പ്രദർശിപ്പിക്കുന്നു. താഴെ കൊടുത്ത ചോദ്യങ്ങൾ ചോദിക്കുന്നു.

- **വിത്ത് സൂര്യനെ നോക്കി നിൽക്കുന്നത് എന്തിനാവാം?**
- **എന്താണ് വിത്ത് സൂര്യനിൽ നിന്നും പ്രതീക്ഷിക്കുന്നത്?**
- **പണ്ടുള്ള വിത്തുകൾ ഇന്നും നിലനിൽക്കുന്നുണ്ടോ?**

നശിച്ചു കൊണ്ടിരിക്കുന്ന വിത്തു പാരമ്പര്യത്തെ സംരക്ഷിക്കുന്ന ചില വ്യക്തികളുണ്ട്.

ചെറുവയൽ കെ. രാമനെക്കുറിച്ചുള്ള ലഘു വീഡിയോ പ്രദർശിപ്പിക്കുന്നു.

ഇന്ത്യയിലെ പരമോന്നത ബഹുമതികളിൽ ഒന്നായ പത്മശ്രീ നൽകി ഇന്ത്യൻ ഗവൺമെന്റ് ആദരിച്ച വ്യക്തിയാണ് ചെറുവയൽ രാമൻ. പാരമ്പര്യമായി പകർന്നു കിട്ടിയതും കണ്ടെത്തിയതുമായ എന്തെല്ലാം അറിവുകളും തെളിവുകളുമാണ് ചെറുവയൽ രാമൻ തന്റെ ആത്മകഥയിലൂടെ പങ്കുവച്ചത്? പാഠഭാഗം വായിക്കാൻ നിർദേശം നൽകുന്നു.

## പാഠവിശകലന പ്രവർത്തനങ്ങൾ

### വായിക്കാം അറിയാം

കുട്ടികളെ ഗ്രൂപ്പാക്കുന്നു. പാഠഭാഗം വ്യക്തിഗതമായി വായിച്ച് പ്രധാന ആശയം ഗ്രൂപ്പിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിനും പഠനപ്രവർത്തനത്തിൽ കൊടുത്ത സൂചനകൾ നൽകുന്നു. സൂചനകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. പരസ്പര ഇടപെടലിലൂടെ പൊതു ആശയം രൂപപ്പെടുത്തുന്നു. രൂപീകരിച്ച ആശയം ഉറപ്പുവരുത്താൻ പാഠഭാഗം ഒരിക്കൽക്കൂടി വായിക്കുന്നു.

## വിശകലനക്കുറിപ്പ് തയ്യാറാക്കാം

പാഠപുസ്തകത്തിലെ ചോദ്യം വിശകലനം ചെയ്യാൻ താഴെ കൊടുത്ത ചോദ്യങ്ങൾ ചോദിച്ച് പൊതു ചർച്ച നടത്തുന്നു.

- **നമ്മുടെ നാട് ദാരിദ്ര്യമുക്തമാകുന്നത് എങ്ങനെ ?**
- **അതിൽ കർഷകരുടെ പങ്ക് എന്താണ് ?**
- **മികച്ച കാർഷികോല്പന്നം വിപണിയിലെത്തിക്കാൻ എന്തെല്ലാമാണ് കർഷകർ ചെയ്യുന്നത് ?**
  - » പാഠപുസ്തകത്തിലെ സമാന ഭാഗങ്ങൾ ചർച്ചയ്ക്കായി കുട്ടികൾ തന്നെ കണ്ടെത്തുന്നു.
  - » ചർച്ചയിൽ നിന്നും ഉയർന്നു വരുന്ന ആശയങ്ങൾ ക്രോഡീകരിച്ച് കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു.

ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നം, വ്യവഹാരരൂപം എന്നീ തലങ്ങളിൽ ചെറുസംഘമായി എഡിറ്റിംഗ് നടത്തുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.

മെച്ചപ്പെടുത്തിയ വിശകലനക്കുറിപ്പിനെ വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തുന്നു.

### വിലയിരുത്തൽ സൂചകങ്ങൾ

- കർഷകരുടെ നീണ്ട കാലത്തെ പരിശ്രമങ്ങളും അനുഭവങ്ങളും ശാസ്ത്രീയപഠനങ്ങളുമാണ് നമ്മുടെ നാടിന്റെ വിശപ്പകറ്റാൻ സഹായിക്കുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്-
- നിരീക്ഷണവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്തിട്ടുണ്ട്.
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.

വിലയിരുത്തലിലൂടെ മെച്ചപ്പെടുത്തിയ വിശകലനക്കുറിപ്പുകൾ പോർട്ട്ഫോളിയോയിലേക്ക് ..

## ചോദ്യാവലി തയ്യാറാക്കാം, അഭിമുഖം നടത്താം

നാട്ടിലെ മിടുക്കനായ / മിടുക്കിയായ കർഷകനെ രക്ഷിതാക്കളുടെയും വകുപ്പിന്റെയും സഹായത്തോടെ കണ്ടെത്തുന്നു. അദ്ദേഹത്തെയും  അദ്ദേഹത്തിന്റെ കൃഷിയെയും കുറിച്ച് സാമാന്യ ധാരണ ഉണ്ടാക്കാൻ അധ്യാപകർ ആദ്യം കർഷകനെച്ചെന്നു കാണുകയും കൃഷിയിടം സന്ദർശിക്കുകയും ചെയ്യുന്നു.

- കൃഷി ഇനങ്ങളെക്കുറിച്ച് പട്ടിക തയ്യാറാക്കുന്നു.

പിന്നീട് കുട്ടികളെ ചെറുസംഘങ്ങളാക്കി അഭിമുഖത്തിനുള്ള ചോദ്യാവലി തയ്യാറാക്കുന്നു. ചോദ്യങ്ങൾ ആവർത്തിക്കാതിരിക്കാനും വിഷയത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കാനും അഭിമുഖം തുടങ്ങുന്നതിനു മുമ്പ് ചോദ്യാവലിയിലെ ചോദ്യങ്ങൾ പൊതുവായി വായിച്ചവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു.

## അഭിമുഖ ചോദ്യാവലിയിൽ എന്തൊക്കെ?

- പ്രശ്നവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ അഭിമുഖത്തിൽ നിന്നും ലഭിക്കത്തക്ക വിധത്തിൽ പ്രസക്തമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്.

- അഭിമുഖത്തിനു വിധേയനാകുന്ന വ്യക്തിയെ ഗുണാത്മകമായി പ്രതികരിപ്പിക്കാൻ പറ്റിയ ഭാഷ, ശൈലി.
- പ്രശ്നത്തെക്കുറിച്ച് ആഴത്തിലും പരപ്പിലുമുള്ള വിവരങ്ങൾ ലഭിക്കാൻ പാകത്തിൽ വ്യത്യസ്ത തരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കർഷകന്റെ വീട്ടിലേക്കു പോവുകയാണെങ്കിൽ അത് നേരനുഭവങ്ങളും പകർന്നു തരും.

അഭിമുഖം തുടങ്ങുന്നതിനു മുമ്പ് വീഡിയോ എടുക്കാൻ ആളെ ഏർപ്പാടാക്കാൻ മറക്കരുതേ...

റിപ്പോർട്ടിംഗിനുള്ള ഗ്രൂപ്പ് ആദ്യം തന്നെ കണ്ടെത്തണം.

അഭിമുഖത്തിനു ശേഷം കൃഷിയിടത്തിലേക്ക് .... നേരനുഭവ കാഴ്ചകളിലേക്ക് ...

അഭിമുഖ റിപ്പോർട്ട് സ്കൂൾ ഗ്രൂപ്പുകൾ, കൃഷി ഗ്രൂപ്പുകൾ, കൃഷി ജേർണലുകൾ, നവമാധ്യമങ്ങൾ തുടങ്ങിയവയിൽ പങ്കുവെക്കണം.

## പദച്ചേരുവകൾ കണ്ടെത്താം

കുറച്ചു പദച്ചേരുവകൾ ടീച്ചർ പ്രദർശിപ്പിക്കുന്നു.

എണ്ണി, തിട്ടപ്പെടുത്തി
കൃത്യം, ആയിരുന്നില്ല
സമയം, ആകുമ്പോൾ
വ്യത്യാസങ്ങൾ, ഉണ്ടാവുമ്പോൾ
തുല്യം, ആയി

ഈ പദച്ചേരുവകളെ ചേർത്തെഴുതാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

**? ചേർത്തെഴുതുമ്പോൾ ഈ പദങ്ങൾക്കുണ്ടാക്കുണ്ടാകുന്ന ഭാഷാപരമായ മാറ്റങ്ങൾ എന്തെല്ലാം ?**

**? ചേർത്തെഴുതുമ്പോൾ ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം ?**

മാറ്റങ്ങൾ ക്രോഡീകരിക്കുന്നു.

(പദങ്ങൾക്കു ലഭിക്കുന്ന ഒതുക്കം, ഭംഗി, ലാളിത്യം......)

ചെറുസംഘങ്ങളായി ചേർത്തെഴുതിയ മറ്റു പദങ്ങൾ പാഠഭാഗത്തു നിന്നും കണ്ടെത്തി മാറ്റങ്ങൾ വ്യക്തമാക്കുന്നു. അവ പൊതുവായി അവതരിപ്പിക്കുന്നു.

## പ്രസംഗം നടത്താം

- വിഷയം വിശകലനം ചെയ്യുന്നു
- കുട്ടികളെ തുല്യ എണ്ണം കുട്ടികൾ ഉൾപ്പെടുന്ന വിധത്തിൽ ചെറുഗ്രൂപ്പുകളാക്കുന്നു.
- തന്നിരിക്കുന്ന വിഷയത്തിൽ ലഘു പ്രസംഗം എഴുതിത്തയ്യാറാക്കുന്നു.
- പ്രസംഗത്തിനുള്ള വിലയിരുത്തൽ സൂചനകൾ ചർച്ചയിലൂടെ വികസിപ്പിക്കുന്നു. അത് പ്രദർശിപ്പിക്കുന്നു

- പ്രസംഗ മത്സരത്തിന് ഓരോ ഗ്രൂപ്പിൽ നിന്നും മത്സരാർഥിയെ കണ്ടെത്തുന്നു.
- ജഡ്ജിംഗ് പാനൽ കണ്ടെത്തുന്നു.
- അവതരണക്രമം നറുക്കിലൂടെ കണ്ടെത്തി പ്രസംഗ മത്സരം നടത്തുന്നു
- ജഡ്ജിംഗ് പാനൽ മത്സരം വിലയിരുത്തി സംസാരിക്കുന്നു, വിജയിയെ പ്രഖ്യാപിക്കുന്നു.

## ശാസ്ത്രീയത കണ്ടെത്താം, കുറിപ്പ് തയ്യാറാക്കാം

ടീച്ചർ ചില കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ പ്രദർശിപ്പിക്കുന്നു.

- അധികം വിളഞ്ഞാൽ വിത്തിനാകാ
- വിത്താഴം ചെന്നാൽ പത്തായം നിറയും
- ഞാറ്റിൽ പിടിച്ചാൽ ചോറ്റിൽ കുറയും
- ഞാറുറച്ചാൽ ചോറുറച്ചു.

## ചൊല്ലുകളുടെ ശാസ്ത്രീയത ഉറപ്പു വരുത്താൻ എന്തു ചെയ്യണം?

**? കൃഷി ഭവൻ സന്ദർശിച്ച് കൃഷി ഓഫീസറോട് സംശയം പങ്കുവെച്ചാലോ?**

കൃഷി ഓഫീസറെ ചെന്നു കണ്ട് സംശയങ്ങൾ പങ്കുവെക്കുന്നു. ലഭിച്ച കൃത്യമായ ധാരണയുടെ അടിസ്ഥാനത്തിൽ മറ്റു കൃഷിച്ചൊല്ലുകൾ കണ്ടെത്തി വ്യാഖ്യാനിക്കുന്നു.

## പാഠപുസ്തക പ്രവർത്തനത്തിലേക്ക് ...

കൃഷി ഓഫീസറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പിൽ പങ്കുവച്ച് വേണ്ട മാറ്റങ്ങൾ വരുത്തി, എഡിറ്റു ചെയ്ത് പൊതുവായി അവതരിപ്പിക്കുന്നു

വ്യാഖ്യാനങ്ങൾ പതിപ്പാക്കി കൃഷി ഓഫീസർക്ക് സമർപ്പിക്കുകയും അദ്ദേഹം അത് വിലയിരുത്തിയ ശേഷം ഡിജിറ്റൽ പതിപ്പാക്കി സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചാലോ?

## കുറിപ്പെഴുതാം, പതിപ്പാക്കാം

ജൂൺ 5 ന് സ്കൂളിൽ നടന്ന പരിസ്ഥിതി ദിനാഘോഷത്തെക്കുറിച്ച് ക്ലാസിൽ പൊതുചർച്ച സംഘടിപ്പിക്കുന്നു.

നിങ്ങൾക്ക് ലഭിച്ച തൈകളെ നിങ്ങൾ എന്തു ചെയ്തു? നട്ടു നനച്ച് വളർത്തിയോ? എങ്ങനെയെല്ലാമാണ് പരിപാലിച്ചത്? ഇതല്ലാതെ വേറെ എന്തെല്ലാം കൃഷി ചെയ്യാറുണ്ട്? ചെടികളുടെ കൃഷി മാത്രമാണോ കൃഷി ? അല്ലാത്ത കൃഷികളും ഇല്ലേ? ഏതൊക്കെയാണ്? അങ്ങനെയുള്ള കൃഷിക്കാരെ നിങ്ങൾക്കറിയുമോ? പ്രവേശകത്തിൽ നൽകിയ സാക്ഷ്യപത്രത്തിലൂടെ നമ്മൾ പരിചയപ്പെട്ട എയ്സൽ കൊച്ചുമോൻ, അർജുൻ അശോക് എന്നിവരെക്കുറിച്ചും നിങ്ങൾക്കറിയാം.

നിങ്ങളുടെ കൃഷിയനുഭവത്തെക്കുറിച്ച് കുറിപ്പെഴുതൂ...
സ്വയം എഡിറ്റു ചെയ്ത് മെച്ചപ്പെടുത്തി ക്ലാസിൽ പങ്കു വെക്കൂ ...
എല്ലാ കുറിപ്പുകളും ചേർത്തു വച്ച് ഡിജിറ്റൽ പതിപ്പ് തയ്യാറാക്കണേ.... പ്രകാശനവും നിർവഹിക്കണം.

## വിത്തുമേള

നെൽവിത്തുകളുടെ കാവലാളെക്കുറിച്ച് അടുത്തറിഞ്ഞു. വിത്തുകളുടെ വൈവിധ്യത്തെക്കുറിച്ചും മനസ്സിലാക്കി.

ഇനി നമുക്കൊരു വിത്തുമേള സംഘടിപ്പിക്കണം. വിത്തിലെ വൈവിധ്യത്തെ അടുത്തറിയണം...

**? അതിനെന്തെല്ലാം മുന്നൊരുക്കങ്ങൾ?**

- ജനറൽ ബോഡി യോഗം
- വിത്തു മേളയ്ക്ക് സ്ഥലവും സമയവും

**? വിത്ത് എവിടെ നിന്ന് ?**

**? ആരെയെല്ലാം പങ്കെടുപ്പിക്കണം?**

**? വിത്തു മേളയുടെ കൂടെ ചേർത്ത് വേറെ എന്തെല്ലാം ചെയ്യാം?**

ഉദാ : കൃഷിയുപകരണങ്ങൾ, പഴയ കാല അളവുതൂക്ക് ഉപകരണങ്ങൾ ....

എല്ലാം ചേർത്ത് വിത്തു മേള ഗംഭീരമാക്കണേ...

### കൃഷിയടയാളങ്ങൾ മലയാള ചലച്ചിത്രഗാനങ്ങളിൽ...

» സഹ്യസാനുശ്രുതി ചേർത്തുവെച്ച...
» തുമ്പയും തുളസിയും കുടമുല്ലപ്പൂവും....
» കേരനിരകളാടും ഒരു ഹരിത ചാരു തീരം....
» പച്ചപ്പനം തത്തേ പുന്നാര പൂമുത്തേ....
» ഞാനൊരു മലയാളി എന്നും മണ്ണിൻ കൂട്ടാളി...
» നേരിന്നഴക് നേർവഴിയഴക്<br>നേരുവിളയും നാടിന്നൊരഴക്....
» തെക്ക് തെക്ക് തെക്കേപ്പാടം...
» പൂവിളി പൂവിളി പൊന്നോണമായി..
» പുഞ്ചവയലു കൊയ്യാൻ പോന്നവളേ...
» നിറനാഴിപ്പൊന്നിൻ മണലാര്യൻ നെല്ലിൽ...
» ഇന്നീ കൊച്ചു വരമ്പിൻ മീതെ<br>കൊയ്തെടുക്കണ കതിരോണ്ട്...
» ചേറു ഉഴുതു മറിച്ചു ഞങ്ങ<br>ഈ ചേറു കുഴച്ചു മറഞ്ഞു ഞങ്ങ...
» നമ്മളു കൊയ്യും വയലെല്ലാം<br>ഒരു ചങ്ങഴി മുത്തുമായ്...

## പ്രതീക്ഷിത ഉല്പന്നങ്ങൾ

| ലിഖിതം | പ്രകടിതം |
|---|---|
| വിശകലനക്കുറിപ്പ് | ചിത്രപ്രദർശനം |
| താരതമ്യക്കുറിപ്പ് | പഴഞ്ചൊൽക്കേളി |
| പ്രയോഗ ഭംഗി - വർക്ക് ഷീറ്റ് | ചൊൽക്കാഴ്ച |
| ആസ്വാദനക്കുറിപ്പ് | കാർഷികോത്സവം |
| വിവരണക്കുറിപ്പ് | ഡോക്യുമെന്ററി |
| പതിപ്പ് | അഭിമുഖം |
| നോട്ടീസ് | പ്രസംഗം |
| പോസ്റ്റർ | വിത്തുമേള |
| ബാനർ | റീൽസ് |

## പഠനബോധനോപകരണങ്ങൾ

സ്ലൈഡുകൾ ( ചിത്രങ്ങൾ, പാഠഭാഗങ്ങൾ, കുറിപ്പുകൾ )

വീഡിയോ (കൃഷി, കുമ്മാട്ടി, ചൊൽക്കാഴ്ച, കോതാമ്മൂരിയാട്ടം, വിവിധ കലകൾ, ചെറുവയൽ രാമൻ..)

ഓഡിയോ (ഗ്രാമശ്രീകൾ കവിത, കൃഷിപ്പാട്ടുകൾ, നാടൻ പാട്ടുകൾ, വിത്തു പൊലിപ്പാട്ട്... )

വർക്ക് ഷീറ്റ്

ചിത്രപ്രദർശനത്തിനുള്ള സാമഗ്രികൾ

## സാഹിത്യപ്രസ്ഥാനങ്ങളിലൂടെ

**ഫോക് ലോർ**

ജനസംസ്കാരപഠനം എന്ന നിലയിൽ വളർന്നു വന്നിട്ടുള്ള വൈജ്ഞാനിക ശാഖയാണ് ഫോക് ലോർ. ഒരു ജനതയുടെ ജീവിതവുമായി ബന്ധപ്പെട്ട പാരമ്പര്യാധിഷ്ഠിതമായ എല്ലാ ഘടകങ്ങളും ഇതിന്റെ പരിധിയിൽ വരുന്നു. പൗരാണികവും സാംസ്കാരികവുമായ വിജ്ഞാനം കൂടിയാണിത്. ഫോക് ലോർ എന്ന ആശയത്തെ പൂർണമായും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു പദം മലയാള ഭാഷയിലില്ല. നാടോടി വിജ്ഞാനം, നാട്ടറിവ്, നാട്ടുവഴക്കം, ജനവിജ്ഞാനം, ജനജീവിത പഠനം എന്നിവയൊക്കെ ഇതിനു സമാനപദങ്ങളായി ഉപയോഗിച്ചു വരുന്നു.

(കേരളത്തിലെ നാടൻ കലകൾ - ഡോ. ശശിധരൻ ക്ലാരി)

### ആത്മകഥ

എന്താണ് ആത്മകഥ : ജീവചരിത്രത്തിന്റെ ഒരു വിഭാഗം തന്നെയാണ് ആത്മകഥ (Autobiography)- Autos, bios, graphein എന്നീ മൂന്നു പദങ്ങളിൽ നിന്ന് നിഷ്പദിച്ചത്. എങ്കിലും ആത്മകഥയ്ക്ക് അതിന്റേതായ ചില പ്രത്യേകതകളുണ്ട്. ഒരാളുടെ ജീവിതകഥ അയാൾ തന്നെ എഴുതുന്നതാണ് ആത്മകഥ. അപ്പോൾ ആത്മകഥയ്ക്ക് ചില പരിമിതികളുണ്ടാകും. കഥാനായകനും എഴുത്തുകാരനും ഒരാൾ തന്നെയാകുമ്പോൾ എഴുതുന്ന കാര്യങ്ങൾ സത്യസന്ധമായിരിക്കും. എന്നാൽ സ്വന്തം ജീവിതത്തിലെ എല്ലാ സത്യങ്ങളും ആരും പൂർണമായി തുറന്നു പറയുകയില്ല. അനുഭവങ്ങളിൽ പലതും കാലപ്പഴക്കം കൊണ്ട് വിസ്മൃതമാവുകയും സ്വാഭാവികം. ആത്മകഥ സ്വകീയമായ അനുഭവജ്ഞാനത്തിന്റെ ആവി

ഷ്ക്കരണമാകുന്നു. മലയാളത്തിൽ ആത്മകഥാ സാഹിത്യത്തിലെ പ്രഥമ കൃതിയായി പരിഗണിച്ചു പോരുന്നത് വൈക്കത്ത് പാച്ചുമൂത്തതിന്റെ (1814- 1883) ആത്മകഥയാണ്. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ 'എന്റെ നാടുകടത്തൽ' (1911) സാമാന്യ ലക്ഷണങ്ങളുള്ള ആദ്യത്തെ കൃതിയായി കരുതാം. സ്വദേശാഭിമാനിയുടെ ഭാര്യ ബി. കല്യാണിയമ്മയുടെ വ്യാഴവട്ട സ്മരണകൾ അനുഭവങ്ങളുടെയും വസ്തുതകളുടെയും ശക്തവും വികാരഭദ്രവുമായ പ്രതിപാദനം കൊണ്ട് ഉജ്ജ്വലമായ കൃതിയാണ്. സ്മരണ മണ്ഡലം ( സാഹിത്യ പഞ്ചാനനൻ പി കെ നാരായണപിള്ള ), ജീവിത സ്മരണകൾ (ഇ വി കൃഷ്ണപിള്ള), കണ്ണീരും കിനാവും (വി ടി ഭട്ടതിരിപ്പാട്) , കൊഴിഞ്ഞ ഇലകൾ ( മുണ്ടശ്ശേരി) തുടങ്ങിയവ ശ്രദ്ധേയങ്ങളായ ആത്മകഥകളാണ്

**(മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ -എരുമേലി )**

## ഗ്രന്ഥകാരപരിചയം

### കടത്തനാട്ട് മാധവിയമ്മ



1909 ജൂൺ 15ന് (കൊ.വ.1084 ഇടവം 25) കുറുമ്പ്രനാട്ടിലെ ഇരിങ്ങണ്ണൂർ അംശത്തിൽ ജനിച്ചു. 1936ൽ സമാഹരിക്കപ്പെട്ട ആദ്യ കൃതി (കാല്യോപഹാരം) പ്രസിദ്ധീകരിച്ചു. ഗ്രാമശ്രീകൾ, കണിക്കൊന്ന, മുത്തച്ഛന്റെ കണ്ണുനീര്, ഒരു പിടി അവില്, കടത്തനാട്ടു മാധവിയമ്മയുടെ കവിതകൾ എന്നിവ പ്രശസ്ത കവിതാസമാഹാരങ്ങളാണ്. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ചങ്ങമ്പുഴ പുരസ്കാരം, കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവന പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. |1999 ൽ അന്തരിച്ചു.

### സി. ആർ. രാജഗോപാൽ [1957 – 2022]



നാട്ടറിവു-സംസ്കാര പഠനരംഗത്തു സജീവമായിരുന്നു. ഗോത്രകലാ വടിവുകൾ, മുടിയേറ്റ്, കാവേറ്റാ ഫോക് ലോർ സിദ്ധാന്തങ്ങൾ തുടങ്ങി ഫോക് ലോർ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോക് ലോർ അക്കാദമി അവാർഡ് , ഡി സി ബുക്സിന്റെ നാട്ടറിവുകൾ പരമ്പരയുടെ ജനറൽ എഡിറ്റർ, നാട്ടറിവു പഠനകേന്ദ്രം ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

### ചെറുവയൽ കെ. രാമൻ



1950ൽ വയനാട് ജില്ലയിലെ (അന്നത്തെ കണ്ണൂർ ജില്ല ) കമ്മനയിൽ ജനിച്ചു. കൗമാരകാലത്തു തന്നെ കാർഷികവൃത്തിയിൽ സജീവമായി. വയനാട്ടിൽ അന്യം നിന്നു പോകുമായിരുന്ന നെൽവിത്തിനങ്ങൾ ശേഖരിച്ച് സംരക്ഷിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ പ്ലാന്റ് ജിനോം സേവിയർ അവാർഡ് (2013) പത്മശ്രീ പുരസ്കാരം (2023) തുടങ്ങിയവ ലഭിച്ചു.

## സഹായക ഗ്രന്ഥങ്ങൾ


കടത്തനാട്ടു മാധവിയമ്മ ______________________ ഡോ. സി. ഭാമിനി

കടത്തനാട്ട് മാധവിയമ്മ ______________________ രാജൻ തിരുവോത്ത്

കൃഷിയിലെ നാട്ടറിവ്______________________ മുരളീധരൻ തഴക്കര

പ്രദേശം, രാഷ്ട്രം, ലോകം
കടത്തനാടിന്റെ സാഹിത്യപാരമ്പര്യം________ കടത്തനാട് ജനസംസ്കാര പഠനകേന്ദ്രം

കൃഷി അറിവുകൾ______________________ റ്റി. എസ്. രാജശ്രീ

കോതാമ്മൂരിയാട്ടം______________________ ഡോ.എം.വി വിഷ്ണു നമ്പൂതിരി

കേരള ഫോക് ലോർ ______________________ എ ഡി. രാഘവൻ പയ്യനാട്

ഫോക് ലോർ പഠനങ്ങൾ______________________ പി.കെ ശിവശങ്കരപ്പിള്ള

കുമ്മാട്ടി ______________________ ഡോ. ചുമ്മാർ ചൂണ്ടൽ

കൃഷിഗീത ______________________ പരിസ്ഥിതി അറിവടയാളങ്ങൾ
(എഡിറ്റേഴ്സ് - സി.ആർ. രാജഗോപാലൻ, ടി. ടി.
ശ്രീകുമാർ , വിജയകുമാർ മേനോൻ

കേരളീയ കലാ നിഘണ്ടു______________________ ഡോ. ശശിധരൻ ക്ലാരി

നമ്മുടെ അനുഷ്ഠാന കലകൾ ______________________ കരാട്ട് പ്രഭാകരൻ

കേരളത്തിലെ നാടൻ കലകൾ______________________ ഡോ. ശശിധരൻ ക്ലാരി

കേരളത്തിലെ കലാരൂപങ്ങൾ ______________________ ബാലകൃഷ്ണൻ കൊയ്യാൽ

കേരളത്തിന്റെ തനതു കലകൾ______________________ ഡോ. എം.വി. വിഷ്ണു നമ്പൂതിരി

കേരളത്തിലെ നാടോടി
വിജ്ഞാനീയത്തിന്നൊരു മുഖവുര ___________ ഡോ. എം.സി. വിഷ്ണു നമ്പൂതിരി

കാർഷിക സംസ്കൃതിയും
മലയാള സാഹിത്യവും - എഡിറ്റർ ___________ ജോസ് കെ മാനുവൽ




## ഞാൻ എന്നെക്കുറിച്ച്

| | | പൂർണ്ണമായും | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|---|
| 1 | കവിതയുടെ ഈണം കണ്ടെത്തി ഭാവാത്മകമായി ചൊല്ലാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 2 | കവിത, ലേഖനം, ആത്മകഥ എന്നിവയുടെ രചനാപരമായ സവിശേഷതകൾ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 3 | കവിതയിലെ പ്രയോഗഭംഗി വിശദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 4 | പാഠഭാഗങ്ങളുടെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 5 | കവിതാഭാഗങ്ങളുടെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 6 | കവിതയിലെ വാങ്മയ ചിത്രങ്ങളെ വർണ്ണചിത്രങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 7 | പദച്ചേരുവകൾ സംബന്ധിച്ച നിയമങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| 8 | സംഘപ്രവർത്തനങ്ങളിൽ സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. | | | |
| 9 | ചൊൽക്കാഴ്ച, പഴഞ്ചൊൽക്കേളി, ഡോക്യുമെന്ററി എന്നീ സംഘ പ്രവർത്തനങ്ങളിൽ തന്റേതായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. | | | |
| 10 | പഴഞ്ചൊല്ലിന്റെ ശാസ്ത്രീയതഅന്വേഷിച്ചറിഞ്ഞ് വ്യക്തമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 11 | കവിതയിലെ ആസ്വാദനാംശങ്ങൾ, സമകാലിക പ്രസക്തി എന്നിവ ഉൾക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 12 | പൊതുചർച്ചയിൽ നിന്നും ആശയങ്ങൾ സ്വാംശീകരിച്ച് പ്രസംഗം എഴുതിത്തയ്യാറാക്കി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| 13 | കതിർചൂടും നാടിൻ പെരുമകൾ എന്ന ശീർഷകം കൊണ്ട് അർഥമാക്കുന്നത് എന്ത്? വിശദമാക്കുക. | | | |
| 14 | നിത്യോപയോഗത്തിനാവശ്യമായ പച്ചക്കറികൾ വീട്ടിൽ നട്ടുവളർത്താൻ നിങ്ങൾ എന്തെല്ലാം ചെയ്യും? | | | |
| 15 | പഠനപ്രവർത്തനങ്ങളോടനുബന്ധിച്ച് ക്ലാസ് ലൈബ്രറിയിൽ നിന്നും നിങ്ങൾ വായിച്ച ഒരു പുസ്തകത്തെക്കുറിച്ച് അഞ്ചോ ആറോ വാക്യങ്ങളിൽ എഴുതുക. | | | |